بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 16

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഏപ്രിൽ 21/ഹി.ശം. 1401 ശഹാദത്ത് 21/ഹിജ്റ 1443 റമളാൻ 19

## അല്ലാഹുവിന്റെ വചനം

وَمَنۡ کَانَ مَرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّۃٌ مِّنۡ اَیَّامٍ اُخَرَ ؕ یُرِیۡدُ اللّٰہُ بِکُمُ الۡیُسۡرَ وَلَا یُرِیۡدُ بِکُمُ الۡعُسۡرَ ۫ وَلِتُکۡمِلُوا الۡعِدَّۃَ وَلِتُکَبِّرُوا اللّٰہَ عَلٰی مَا ہَدٰىکُمۡ وَلَعَلَّکُمۡ تَشۡکُرُوۡنَ

(سورۃ البقرۃ:186)

'എന്നാൽ, നിങ്ങളാരെങ്കിലും (താൽക്കാലികമായി) രോഗിയാകുകയോ യാത്രയിലാകുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിനു നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനുവേണ്ടിയുമാകുന്നു.'(2:186)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### കളവ് നോമ്പിന് പാഷാണമാണ്

(1903) അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു:വല്ലവനും കളവു പറയലും അതു പ്രവർത്തിക്കലും ഉപേക്ഷിക്കാത്തപക്ഷം അവൻ തന്റെ ഭക്ഷണവും പാനീയവും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് ഒരു ആവശ്യവുമില്ല.

(1904) അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു:നോമ്പു പരിചയാണ്. അതിനാൽ നിങ്ങളിൽ ഒരുവന് അവന്റെ നോമ്പുദിവസമായാൽ അവൻ അനാവശ്യം പ്രവർത്തിക്കരുത്. അട്ടഹസിക്കരുത്. അവനെ ആരെങ്കിലും ശകാരിക്കരുത്. അവനെ ആരെങ്കിലും ശകാരിച്ചാൽ താൻ നോമ്പു അനുഷ്ഠിച്ച മനുഷ്യനാണെന്ന് പറയട്ടെ. നോമ്പുകാരന് രണ്ടു സന്തോഷമുണ്ട്. നോമ്പു മുറിക്കുമ്പോഴും അവന്റെ രക്ഷിതവിനെ കാണുമ്പോഴും.

*(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖാദിയാൻ)*

## 127 – ാമത് ജൽസസാലാന ഖാദിയാൻ

### 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽഅസീസ് 127 - ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ) നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽ തന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
18 മാർച്ച് 2022
സമ്പൂർണ പരിഭാഷ

ഈദ് ഖുത്ബ
14 മെയ്യ് 2021
സംക്ഷിപ്ത പരിഭാഷ

## അല്ലാഹു സർവശക്തനാണ്. അവനിച്ഛിക്കുകയാണെങ്കിൽ ഒരു കാസരോഗിക്കുപോലും നോമ്പുപിടിക്കാൻ തൗഫീഖ് നല്കാവുന്നതാണ്. മനുഷ്യൻ സത്യസന്ധതയോടും തികഞ്ഞ ആത്മാർഥതയോടുംകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ 'ഈ മാസത്തിൽ നീ എന്നെ നിർഭാഗ്യനാക്കരുതേ' എന്ന് അപേക്ഷിക്കുമ്പോൾ അല്ലാഹു അവനെ നിർഭാഗ്യനാക്കുകയില്ല.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ കഴിവനുസരിച്ച് ചെയ്യേണ്ടത് മനുഷ്യന്റെ നിർബന്ധ കടമയാണ്. നോമ്പിനെക്കുറിച്ച് അല്ലാഹു പറയുന്നു: **വ അൻതസ്വൂമു ഖയ്റുൻല്ലക്കും** (2:185) അതായത് നിങ്ങൾ നോമ്പു പിടിക്കുകയാണെങ്കിൽത്തന്നെ നിങ്ങൾക്കത് വലിയ നന്മയാണ്.

'ഫിദ്യ' എന്തിനുവേണ്ടിയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന ചിന്ത ഒരിക്കൽ എന്റെ മനസ്സിലുണ്ടായി. അത് നോമ്പുപിടിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടിയാണെന്ന് മനസ്സിലായി; അതു മുഖേന നോമ്പു പിടിക്കാൻ സൗഭാഗ്യം ലഭിക്കുന്നതിന്!അല്ലാഹുവിന്റെ സത്ത തന്നെയാണ് തൗഫീഖ് പ്രദാനം ചെയ്യുന്നത്. അതുകൊണ്ട് അവനോടുതന്നെ എല്ലാ വസ്തുക്കളും ചോദിക്കേണ്ടതാണ്. അല്ലാഹു സർവശക്തനാണ്. അവനിച്ഛിക്കുകയാണെങ്കിൽ ഒരു കാസരോഗിക്കുപോലും നോമ്പുപിടിക്കാൻ തൗഫീഖ് നല്കാവുന്നതാണ്. 'ഫിദ്യ' കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്റെ ഫള്ലുകൊണ്ടുണ്ടാകുന്ന ശക്തി കരസ്ഥമാകുക എന്നതാണ്. എന്റെ പക്കൽ ഇങ്ങനെ ദുആ ചെയ്യുക എന്നതാണ് ഏറ്റവും ഗുണപ്രദം; ഇലാഹീ! നിന്റെ ഒരു അനുഗൃഹീതമാസമാണിത്. എനിക്കിതിൽ നോമ്പുപിടിക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്. അടുത്ത വർഷം ജീവിച്ചിരിക്കുമോ എന്നറിയുകയില്ല. വിട്ടുപോയ ഈ നോമ്പു പിടിച്ചുവീട്ടാൻ കഴിയുമോ എന്നും അറിയുകയില്ല. ഇങ്ങനെ അവനോടു തൗഫീഖു ചോദിക്കുകയാണെങ്കിൽ, അത്തരം മനസ്സിന് അല്ലാഹു ശക്തി പകരുന്നതാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ മറ്റു സമുദായങ്ങളെപോലെ ഈ സമുദായത്തിൽ ഒരു തടവും വെക്കുമായിരുന്നില്ല. എന്നാൽ, അവൻ തടവ് വെച്ചിരിക്കുന്നത് നന്മ ഉദ്ദേശിച്ചാണ്. എന്റെ പക്കൽ അടിസ്ഥാനം ഇതുതന്നെയാണ്, മനുഷ്യൻ സത്യസന്ധതയോടും തികഞ്ഞ ആത്മാർഥതയോടുംകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ 'ഈ മാസത്തിൽ നീ എന്നെ നിർഭാഗ്യനാക്കരുതേ' എന്ന് അപേക്ഷിക്കുമ്പോൾ അല്ലാഹു അവനെ നിർഭാഗ്യനാക്കുകയില്ല. അത്തരം അവസ്ഥയിൽ മനുഷ്യൻ റമളാൻ മാസത്തിൽ രോഗിയാകുകയാണെങ്കിൽ ആ രോഗം അവന് കാരുണ്യമായിഭവിക്കുന്നതായിരിക്കും. കാരണം എല്ലാ ഓരോ കർമങ്ങളും സ്വീകരിക്കപ്പെടുന്നത് നിയ്യത്ത് അടിസ്ഥാനമാക്കിയാണ്. മുഅ്മിൻ അഥവാ സത്യവിശ്വാസി ചെയ്യേണ്ടത് തന്റെ അസ്തിത്വംകൊണ്ട് അല്ലാഹുവിന്റെ വഴിയിൽ, തന്നെ ഉൽസാഹിയാക്കി സ്ഥാപിക്കുക എന്നതാണ്. ആരാണോ നോമ്പുപിടിക്കാൻ സാധിക്കാതിരിക്കുകയും എന്നാൽ, തനിക്ക് ആരോഗ്യമുണ്ടായിരുന്നെങ്കിൽ താൻ നോമ്പു പിടിക്കുമായിരുന്നുവെന്ന് മനസ്സിൽപറയുകയും അക്കാര്യത്തിനുവേണ്ടി കരയുകയും ചെയ്യുന്നത് അവനുവേണ്ടി മലക്കുകൾ നോമ്പു പിടിക്കുന്നതായിരിക്കും. അവൻ തന്ത്രശാലിയാകരുതെന്നതാണ് നിബന്ധന! അങ്ങനെയായാൽ അല്ലാഹു ഒരിക്കലും അവനെ നിർഭാഗ്യനാക്കി വെക്കുകയില്ല. (മൽഫൂദാത്ത് വാല്യം 3, പേജ് 426, പ്രസാധനം 2018 ഖാദിയാൻ)

## തസവ്വുഫിന്റെ അഥവാ ആത്മസംസ്കരണത്തിന്റെ ജീവൻ എന്നു പറയുന്നത് കുറച്ചു സംസാരിക്കുക, കുറച്ചു തിന്നുക, കുറച്ചു ഉറങ്ങുക എന്നതാണെന്ന് ഏതോ സ്വൂഫിവര്യൻ പറയുകയുണ്ടായി. റമളാൻ ഈ തസവ്വുഫിന്റെ മുഴുവൻ ജീവന്റേയും പിഴിഞ്ഞെടുത്ത സത്ത് ഉൾക്കൊള്ളുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു: നന്മ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ സഹിക്കാനുള്ള ശീലം മനുഷ്യനിലുണ്ടായിത്തീരുന്നു എന്നതാണ് നോമ്പു കൊണ്ടുള്ള വലിയൊരു നേട്ടം. മനുഷ്യൻ ലോകത്ത് പലതരത്തിലുള്ള ജോലികൾ ചെയ്യുന്നു. അവൻ അധ്വാനിക്കുകയും ക്ലേശങ്ങൾ സഹിക്കുകയും ചെയ്യുന്നു. അവൻ അലഞ്ഞുതിരിഞ്ഞു നടക്കുകയും അവിടേയും ഇവിടേയും ചുറ്റിക്കറങ്ങുകയും വിടുവായത്തം പറയുകയും ചെയ്യുന്നു. മാനുഷികമായ ബുദ്ധിയും ശരീരവും ഒരിക്കലും ഒഴിഞ്ഞിരിക്കുന്നില്ല. എന്തെങ്കിലുമൊക്കെ പ്രവൃത്തി മനുഷ്യൻ ചെയ്തുകൊണ്ടേയിരിക്കുന്നു. എന്നാൽ, ചിലത് അനാവശ്യമായ പ്രവൃത്തിയായിരിക്കും. ചിലത് ദോഷകരമായിരിക്കും. ചിലത് ഫലപ്രദമായിരിക്കും. ചിലത് വളരെ നല്ലതുമായിരിക്കും. പക്ഷേ, റമളാൻ മനുഷ്യനിലുണ്ടാക്കുന്ന ഒരു ശീലമുണ്ട്, അതിന്റെ ഫലമായി സൽപ്രവൃത്തികളിൽ ബുദ്ധിമുട്ടുകൾ സഹിക്കാനുള്ള ശീലമുണ്ടാകുന്നു. മാനുഷികമായ ജീവിതത്തിനുള്ള സന്തോഷത്തിന്റേയും സൗഖ്യത്തിന്റേയും വസ്തുക്കളെന്താണ്? ഭക്ഷണം കഴിക്കുക, വെള്ളം കുടിക്കുക, ഉറങ്ങുക; ശാരീരികമായി ബന്ധപ്പെടുക. സംസ്കാരത്തിന്റെ ഉന്നത മാതൃക ശാരീരികമായ ബന്ധങ്ങളാണ്. അവയിലുള്ളതാണ് സ്നേഹിതന്മാരെ കാണുക എന്നതും ബന്ധുക്കളുമായി ബന്ധങ്ങൾ പുലർത്തുക എന്നതും. എന്നാൽ, ശാരീരികമായ ബന്ധങ്ങളിൽ ഏറ്റവുമധികം അടുത്ത ബന്ധം ഭാര്യാഭർത്താക്കന്മാർതമ്മിലുളളതാണ്. അതുകൊണ്ട് മാനുഷികമായ സൗഖ്യം ഇത്തരം ചില കാര്യങ്ങളിൽ നിഗൂഢമാക്കപ്പെട്ടതാണ്. അതായത് അവൻ തിന്നുന്നു. അവൻ കുടിക്കുന്നു. അവനുറങ്ങുന്നു. അവൻ ശാരീരികബന്ധം നിലനിറുത്തുന്നു. തസവ്വുഫിന്റെ അഥവാ ആത്മസംസ്കരണത്തിന്റെ ജീവൻ എന്നു പറയുന്നത് കുറച്ചു സംസാരിക്കുക, കുറച്ചു തിന്നുക, കുറച്ചു ഉറങ്ങുക എന്നതാണെന്ന് ഏതോ സ്വൂഫിവര്യൻ പറയുകയുണ്ടായി. റമളാൻ ഈ തസവ്വുഫിന്റെ മുഴുവൻ ജീവന്റേയും പിഴിഞ്ഞെടുത്ത സത്ത് ഉൾക്കൊള്ളുന്നു. കുറച്ചു ഉറങ്ങുക എന്നത് സ്വയമേവ ഇതിൽ വരുന്നുണ്ട്. കാരണം തഹജ്ജുദിന് എഴുന്നേല്ക്കേണ്ടിവരുന്നു. കുറച്ചു തിന്നുക എന്നതും ബാഹ്യമായ കാര്യമാണ്. പകൽ മുഴുവൻ പട്ടിണികിടക്കേണ്ടിവരുന്നു. ശാരീരികമായ ബന്ധങ്ങളുടെ കുറവും പ്രകടമായ കാര്യമാണ്. പിന്നെ കുറച്ചു സംസാരിക്കുക എന്നതും റമളാനിൽ വരുന്നു. അതുകൊണ്ടാണ് നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞത്, തിന്നുന്ന

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഇതും ഖിലാഫത്തിന്റെ ബർക്കത്തുകളിൽപ്പെട്ടതാണ്. അതായത് ശരീഅത്തിനെ നിലനിറുത്തുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫ അതിനുവേണ്ടി പൂർണമായും പരിശ്രമിക്കുന്നു.**

**നബി[സ] തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്[റ]ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

ഏതു രീതിയിലുള്ള അനുസരണമാണ് അബൂബക്റിന് അല്ലാഹുവിന്റെ റസൂലിനോടുള്ളത്. മുതിർന്ന സ്വഹാബാക്കാൾ അഭിപ്രായം നല്കിയിട്ടും അങ്ങേയറ്റം ഭയാനകമായ അവസ്ഥയായിരുന്നിട്ടുംകൂടി നബി[സ] തിരുമേനിയുടെ കല്പന പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാവിധ അപകടങ്ങളും സഹിക്കാൻ തയ്യാറാകുന്നു.

**ലോകത്തിന്റെ ആശങ്കാജനകമായ അവസ്ഥകളിൽ ദുആകൾ ചെയ്യാനുള്ള ആഹ്വാനം. പ്രത്യേകിച്ചും ലോകത്തിന് തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയാൻ കഴിയുന്നതിനുവേണ്ടി ദുആ ചെയ്യുക.**

കാനഡ ജാമിഅ അഹ്മദിയ്യായിലെ മുൻ പ്രിൻസിപ്പാളും മുൻ ഇൻചാർജ് മുബല്ലിഗുമായ മൗലാനാ മുബാറക് നദീർ സാഹിബിനെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2022 മാർച്ച് 18/1401 അമാൻ 18, മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് റളിയല്ലാഹുതആല അൻഹുവിന്റെ ജീവിതസാഹചര്യങ്ങളുടെസ്മരണയിൽ, സക്കാത്ത് നിഷേധികളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ധാരണകളേയും അവരോടുള്ള പെരുമാറ്റങ്ങളേയും കുറിച്ചാണ് പറഞ്ഞുവന്നിരുന്നത്. ഇക്കാര്യത്തിൽ കൂടുതൽ കാര്യങ്ങൾ ത്വബരി തന്റെ ചരിത്രത്തിൽ ഇങ്ങനെ വിവരിച്ചിട്ടുണ്ട്. അസദ്, ഗത്ഫാൻ, ത്വയ്യ് ഗോത്രങ്ങൾ കള്ള പ്രവാചകത്വം വാദിച്ച ത്വലയ്ഹ ബിൻ ഖുവയ്ലിദിന്റെ കൈയിൽ സംഘടിച്ചു; ചില പ്രത്യേക ആളുകളൊഴികെ. അസദ് ഗോത്രത്തിലെ ജനങ്ങൾ സമീറാഅ് എന്ന പ്രദേശത്ത് സംഘടിച്ചു. ആദ് സമുദായത്തിലെ ഒരാളുടെ പേരാണ് ഈ സ്ഥലത്തിന് വെക്കപ്പെട്ടിരിക്കുന്നത്. ഇത് മക്കയുടെ വഴിയിൽ താമസിക്കുന്ന സമുദായമാണ്. ഈ പ്രദേശത്തിന്റെ ചുറ്റുവട്ടത്ത് കറുത്ത നിറത്തിലുള്ള പർവ്വതമുണ്ട്. അത് കാരണമായാണ് അയാൾക്ക് ഈ പേര് വെക്കപ്പെട്ടത്. ഫസാറയുടെയും ഗത്ഫാന്റേയും ജനങ്ങൾ തങ്ങളുടെ സഖ്യകക്ഷികളുമായി 'ത്വീബ'യ്ക്ക് തെക്കുഭാഗത്ത് സംഘടിച്ചു. ത്വയ്യ് ഗോത്രം തങ്ങളുടെ പ്രദേശത്തിന്റെ അതിർത്തിയിൽ സംഘടിച്ചു. ഥഅ്ലബ ബിൻ സഅ്ദും മുർറത്തും അബസിൽനിന്നുള്ളവരും അവരെ പിന്തുണയ്ക്കുന്നവരും റബദയിലെ അബ്റഖ് എന്ന സ്ഥലത്ത് സംഘടിച്ചു. റബ്ദയും മൂന്ന് ദിവസത്തെ യാത്രാദൂരത്ത് മദീനയിലെ താഴ്വരകളിലുള്ള ഒരു താഴ്വരയാണ്. 'അബ്റഖുർറബദ' ഗബിയാൻഗോത്രത്തിന്റെ സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു. ബനുകിനാനയിലെ കുറച്ചാളുകളും അവരുമായി ചേർന്നു. എന്നാൽ, ആ പ്രദേശം അവരെ ഉൾക്കൊള്ളുന്നതായിരുന്നില്ല. അതിനാൽ അവരുടേത് രണ്ട് സംഘങ്ങളായി. ഒരു സംഘം അബ്റഖിൽ തങ്ങി. രണ്ടാമത്തേത് ദുൽഖസ്സ്വയിലേക്ക് പോയി. ദുൽഖസ്സ്വയും മദീനയിൽനിന്നു 40 മൈൽ ദൂരത്തുള്ള ഒരു സ്ഥലമാണ്. ത്വലയ്ഹ, അവരുടെ സഹായത്തിനായി ഹിബാലിനെ അയച്ചു. ഹിബാൽ ത്വലയ്ഹയുടെ സഹോദരപുത്രനായിരുന്നു. ഇങ്ങനെ ഹിബാൽ ദുൽഖസ്സ്വുകാരുടെ നേതാവായി. അവിടെ അസദും ലയ്ഥ്, ദീലും മുദ്‌ലിജ് ഗോത്രങ്ങളിൽനിന്നുള്ള അവരെ പിന്തുണയ്ക്കുന്നവരുമുണ്ടായിരുന്നു. ഔഫ് ബിൻ ഫുലാൻ ബിൻ സിനാൻ, അബ്റഖ് പ്രദേശത്തുണ്ടായിരുന്ന മുർറത്ത് ഗോത്രത്തിന്റെ നേതാവായി നിമയിക്കപ്പെട്ടു. അതുപോലെ ഥഅ്ലബ, അബസ് ഗോത്രങ്ങളുടെ നേതാവായി ഹാരിഥ് ബിൻ ഫുലാൻ നിയമിതനായി. അവർ ബനുസുബയ്യഅ് ഗോത്രത്തിൽ നിന്നുള്ളവരായിരുന്നു. ഈ ഗോത്രങ്ങൾ അവരുടെ പ്രതിനിധി സംഘത്തെ അയച്ചു. അവർ മദീനയിൽ വന്നു. ഇവരെല്ലാവരും സംഘടിച്ചതിനുശേഷം എല്ലാ ഓരോ ഗോത്രവും അവരവരുടേതായ ഓരോ സംഘം തയ്യാറാക്കി അയച്ചു. ഈ വന്ന ജനങ്ങളെല്ലാം മദീനയിലെ ഉന്നതവ്യക്തികളുടെ അടുത്ത് താമസിച്ചു. ഹദ്റത്ത് അബ്ബാസിനെ കൂടാതെ എല്ലാവരും അവരെ തങ്ങളുടെ അതിഥികളാക്കി. പിന്നീട് 'അവർ നമസ്കരിക്കും പക്ഷേ, സക്കാത്ത് നൽകുകയില്ല എന്ന നിബന്ധന'യോടുകൂടി അവരെ അബൂബക്ർ[റ]ന്റെ സന്നിധിയിൽ കൊണ്ടുവന്നു. അല്ലാഹു അബുബക്റിനെ സത്യത്തിൽ ഉറപ്പിച്ചുനിറുത്തി. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ഇവർ ഒട്ടകത്തെ കെട്ടുന്ന കയർ തരാൻ ബാധ്യസ്ഥരാണെങ്കിൽ ഞാൻ ഇവരോട് അതിനുവേണ്ടി ജിഹാദ് ചെയ്യുന്നതാണ്.' *(താരീഖു അത്ത്വബരി, വാള്യം 2, പേജ് 254-255, ഹിജ്റ 11, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 434, അടിക്കുറിപ്പ്, ദാറുൽകുതുബുൽ ഇൽമിയ്യ 2001)(മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 290, 67, വാള്യം 1, പേജ് 89, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഫർഹങ്കെ സീറത്ത് പേജ് 236, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഹദ്റത്ത് അബൂബക്റിന്റെ നിലപാടുകണ്ട് സക്കാത്ത് നിഷേധികളുടെ സംഘങ്ങൾ മദീനയിൽനിന്ന് മടങ്ങാൻ തുടങ്ങിയ നേരത്ത് അവരുടെ അവസ്ഥയെന്തായിരുന്നുവെന്നോർത്ത് ഒരു ചരിത്രകാരൻ എഴുതുന്നു: ആ സംഘങ്ങൾ അബൂബക്ർ[റ]ന്റെ ദൃഢനിശ്ചയം കണ്ടപ്പോൾ മദീനയിൽനിന്ന് തിരിച്ചു. എന്നാൽ, മദീനയിൽനിന്നു തിരിക്കുമ്പോൾ രണ്ടുകാര്യങ്ങൾ അവരുടെ ബുദ്ധിയിലുണ്ടായിരുന്നു. ഒന്ന് സക്കാത്തു നിരാകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു സംസാരവും പ്രയോജനകരമല്ല. ഇക്കാര്യത്തിൽ ഇസ്ലാമിന്റെ കല്പന സ്പഷ്ടമാണ്. പിന്നെ ഖലീഫ തന്റെ തീരുമാനത്തിൽനിന്നു പിന്നോട്ടു പോകുമെന്ന ഒരു പ്രതീക്ഷയുമില്ല. പ്രത്യേകിച്ച് മുസ്‌ലിമീങ്ങൾ തെളിവുകൾ വ്യക്തമായതിനുശേഷം ഖലീഫയുടെ തീരുമാനത്തിൽ ഒറ്റക്കെട്ടായിരിക്കുകയാണ്. അങ്ങനെ ഹദ്റത്ത് അബൂബക്റിനെ പിന്താങ്ങുന്നതിന് അണിനിരന്നിരിക്കുകയാണ്. രണ്ട് സന്തോഷത്തിലായിരിക്കുന്ന മുസ്‌ലിമീങ്ങളുടെ ബലഹീനതയും എണ്ണത്തിലുള്ള കുറവും കൈമുതലായി കണക്കാക്കി ഇസ്ലാമിക ഭരണം വീഴുകയും അവരുടെ മതത്തിനു ഉന്മൂലനം വരുകയും ചെയ്യുംവിധം മദീനയുടെമേൽ ശക്തമായ ആക്രമണം നടത്തുക. *(സയ്യിദുനാ അബൂബക്ർ സ്വിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് സ്വലാബി പേജ് 278, മക്തബ അൽഫുർഖാൻ, മുള്ഫർഗഢ്, പാക്കിസ്താൻ)*

ഇതു അവരുടെ അവകാശമായിരുന്നു. അങ്ങനെ ഈ ധർമ്മത്തിന്റെ അന്ത്യം കുറിക്കുക. ഇങ്ങനെ നമ്മൾ ചെയ്യുകയാണെങ്കിൽ- ഇത് അവരുടെ ആഗ്രഹമായിരുന്നു- അങ്ങനെ

നമുക്ക് അത് കൈവശപ്പെടുത്താവുന്നതാണ്. ഏതായിരുന്നാലും അവർ തിരിച്ചുപോയി അവരുടെ ഗോത്രങ്ങളോട് പറഞ്ഞു. ഇപ്പോൾ മദീനയിൽ വളരെ കുറച്ച് ജനങ്ങളേയുള്ളൂ. അങ്ങനെ അവരെ ആക്രമിക്കുവാൻ പ്രചോദനം നൽകി. മറുവശത്ത് ഹദ്റത്ത് അബൂബക്റും അശ്രദ്ധനായിരുന്നില്ല. അദ്ദേഹം ആ സംഘം പോയതിനുശേഷം മദീനയുടെ എല്ലാ മുക്കിലും പതിവായി കാവൽക്കാരെ നിയമിച്ചു. ഹദ്റത്ത് അലി, ഹദ്റത്ത് തൽഹ, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് അബ്ദുല്ല ബിൻ മസ്ഊദ് ഈ ജോലിയിൽ നിയമിതരായി. ഒരു രിവായത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസിന്റേയും ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫിന്റേയും പേരും വരുന്നുണ്ട്. ഇവരും കോർണറുകളിൽ കാവലാളായി നിയമിക്കപ്പെട്ടിരുന്നു. ഇതുകൂടാതെ ഹദ്റത്ത് അബൂബക്ർ മുഴുവൻ മദീനക്കാരോടും മസ്ജിദിൽ ഒരുമിച്ചുകൂടാൻ ആജ്ഞാപിച്ചിരുന്നു. അതിനുശേഷം അവരോട് പറയുകയുണ്ടായി: മുഴുവൻ ഭൂപ്രദേശവും നിഷേധികളായിരിക്കുന്നു. അവരുടെ സംഘങ്ങൾ നിങ്ങളുടെ അംഗബാഹുല്യം കണ്ടിരിക്കുന്നു. നിങ്ങൾക്കറിയില്ല അവർ ഒരു ദിവസം പകലോ രാത്രിയിലോ നിങ്ങളുടെമേൽ ആക്രമണം നടത്തും. അവരുടെ ഏറ്റവും അടുത്ത സംഘം ഇവിടെനിന്ന് കേവലം ഒരു ബരീദ് ദൂരത്താണുള്ളത്. അതായത് ഒരു ബരീദ് പന്ത്രണ്ട് മൈലിന് തുല്യമാണ്. അവർ പന്ത്രണ്ട് മൈൽ ദൂരത്താണുള്ളത്. കുറച്ചാളുകൾ ആഗ്രഹിക്കുന്നത് നമ്മൾ അവരുടെ നിബന്ധനകൾ അംഗീകരിക്കമെന്നാണ്. അവരോട് സമരസപ്പെടണം. എന്നാൽ, നമ്മൾ അവരുടെ വാക്കുകൾ അംഗീകരിച്ചില്ല. അങ്ങനെ അവരുടെ നിബന്ധനകൾ നിരാകരിച്ചിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ പോരാട്ടത്തിന് പൂർണമായും തയ്യാറാവുക, ഹദ്റത്ത് അബൂബക്റിന്റെ ഊഹം തീർത്തും ശരിയായിരുന്നു. സക്കാത്ത് നിഷേധികളുടെ സംഘം മദീനയിൽനിന്നു തിരിച്ചു പോയതിനുശേഷം കേവലം മൂന്ന് രാത്രികൾ കഴിഞ്ഞിരുന്നു. അവർ രാത്രിയായപ്പോൾ മദീനയിൽ ആക്രമണം നടത്തി. തങ്ങളുടെ കൂട്ടാളികളിൽ ഒരു സംഘത്തെ അവർ ജുഹിസ്സയിൽ വിട്ടുവന്നു. അങ്ങനെ അവസരം വരുമ്പോൾ അവരെ സഹായമാക്കും. ജുഹിസ്സ ബനൂഫസാറയുടെ തണ്ണീർത്തടങ്ങങ്ങളിലൊന്നാണ്. ഇത് റബ്സ, നഖ്ൽ എന്നിവയുടെ മധ്യത്തിലാണ്. ഏതായിരുന്നാലും ഈ ആക്രമണം നടത്തിയവർ രാത്രിസമയത്ത് മദീനയുടെ മുക്കുകളിലെത്തി. അവിടങ്ങളിൽ ആദ്യമേതന്നെ പോരാളികൾ സന്നിഹിതരായിരുന്നു. അവരുടെ പാർശ്വങ്ങളിൽ കുറച്ച് വേറേയും ആൾക്കാരുണ്ടായിരുന്നു. അവർ ഉയരങ്ങളിലേക്ക് കയറുകയായിരുന്നു. കാവൽ ഭടന്മാർ അവർക്ക് ശത്രുവിന്യാസത്തെ കുറിച്ച് അറിയിപ്പ് കൊടുത്തു. പിന്നെ ഹദ്റത്ത് അബൂബക്റിന് ശത്രുക്കളുടെ മുന്നേറ്റത്തെക്കുറിച്ച് അറിയിപ്പ് നൽകുന്നതിനായി ആളെ ഓടിച്ചു. ഹദ്റത്ത് അബൂബക്ർ എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ നിലയുറപ്പിക്കുവാൻ സന്ദേശം നൽകി. അപ്പോൾ മുഴുവൻ സൈന്യവും അങ്ങനെ ചെയ്തു. പിന്നെ ഹദ്റത്ത് അബൂബക്ർ(റ) മസ്ജിദിൽ സന്നിഹിതരായിരുന്ന മുസ്ലിമീങ്ങളേയും കൂട്ടി ഒട്ടകങ്ങളിൽ സവാരി ചെയ്ത് അവരുടെ ഭാഗത്തേക്ക് യാത്രയായി. ശത്രുക്കൾ പിന്തിരിഞ്ഞു. മുസ്ലിമീങ്ങൾ തങ്ങളുടെ ഒട്ടകങ്ങളിൽ അവരെ പിന്തുടർന്നു. ഏതുവരെയെന്നാൽ അവർ ജുഹിസ്സ എത്തിച്ചേർന്നു. ആക്രണകാരികളുടെ സഹായികളായ സംഘം തോൽസഞ്ചികളിൽ കാറ്റു നിറച്ച് അവയിൽ കയർകെട്ടി മുസ്ലിമീങ്ങളോട് പോരാടാൻ പുറപ്പെട്ടു. അവർ ആ തോൽസഞ്ചികളിൽ തങ്ങളുടെ കാലുകൾകൊണ്ട് തട്ടി ഒട്ടകങ്ങളുടെ മുന്നിൽ തൂക്കി. എന്തുകൊണ്ടെന്നാൽ ഒട്ടകങ്ങൾ അതുമൂലം ഏറ്റവും കൂടുതൽ പരിഭ്രമിക്കുന്നു. തൂങ്ങികിടക്കുന്ന വസ്തുവായിരുന്നു തോൽസഞ്ചികൾ. അതുകൊണ്ട് മുസ്ലിമീങ്ങളുടെ മുഴുവൻ ഒട്ടകവും അതുമൂലം പരിഭ്രമിച്ച് പാഞ്ഞു. അതിൽ സവാരി ചെയ്തിരുന്ന മുസ്ലിമീങ്ങൾക്ക് അവയെ ഒരുവിധേനയും നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഏതുവരെയെന്നാൽ അവർ മദീനയിലെത്തി. എന്നാൽ, ഇതുകൊണ്ട് മുസ്ലിമീങ്ങൾക്ക് ഒരു നഷ്ടവും സംഭവിച്ചില്ല. അവരുടെ കൈയിൽ ഒന്നും വന്നതുമില്ല.

ബാഹ്യമായി മുസ്ലിമീങ്ങളുടെ ഈ പിന്നോട്ടുള്ളമാറ്റം ശത്രുക്കൾ കരുതിയത് മുസ്ലിമീങ്ങൾ ദുർബലരാണെന്നാണ്. അവരിൽ പോരാടുന്നതിന് ശക്തിയില്ല. ഈ വ്യർഥമായ ചിന്തയിൽ അവർ തങ്ങളുടെ ജുഹിസ്സയിൽ തമ്പടിച്ചിരുന്ന കൂട്ടുകാർക്ക് ഈ സംഭവത്തെ കുറിച്ച് അറിയിപ്പു നൽകി. ഈ വാർത്തയിൽ വിശ്വസിച്ച് ആ സംഘത്തിന്റെ അടുത്തെത്തി. എന്നാൽ, അവർക്കറിയില്ലായിരുന്നു അല്ലാഹു അവരെക്കുറിച്ച് മറ്റൊരു തീരുമാനം എടുത്തിരുന്നുവെന്ന്! അത് തീർച്ചയായും നടപ്പിലാക്കുന്നത് തന്നെയാണെന്നും! രാത്രി മുഴുവൻ ഹദ്റത്ത് അബൂബക്ർ തന്റെ സൈന്യത്തിന്റെ തയ്യാറെടുപ്പിൽ നിമഗ്നനായിരുന്നു. അങ്ങനെ എല്ലാവരേയും തയ്യാറാക്കി രാത്രിയുടെ അന്ത്യയാമത്തിൽ മുഴുവൻ സൈന്യവും വരിവരിയായി കാൽനടയായി യാത്രതിരിച്ചു. നുഅ്മാൻ ബിൻ മുക്റൽ മൈമനയിൽ, അബ്ദുല്ലാഹ് ബിൻ മക്റൻ മൈസറയിൽ, പിന്നെ സുവേദ് ബിൻ മക്റൻ സൈന്യത്തിന്റെ പിൻഭാഗത്ത് പര്യവേക്ഷകരായിരുന്നു. അവരുടെ കൂടെ കുറച്ച് സവാരികളുമുണ്ടായിരുന്നു. ഫജ്ർ ഉദിക്കുന്നതിനുമുമ്പേ മുസ്ലിമീങ്ങളും സക്കാത്ത് നിഷേധികളും ഒരേ മൈതാനത്തായിരുന്നു. മുസ്ലിമീങ്ങളുടെ അനക്കമടക്കം അവർക്കെത്തുന്നതിനുമുമ്പേ മുസ്ലിമീങ്ങൾ അവരെ വാളുകൾക്കിരയാക്കാൻ തുടങ്ങി. പിന്നെ രാത്രിയുടെ അന്ത്യയാമത്തിൽ പോരാട്ടം നടത്തി.

സൂര്യകിരണം പൊട്ടിവിടരുന്നതിന് മുമ്പേ നിഷേധികൾ പരാജിതരായി ഓടിപ്പോയി. പിന്നെ എഴുതിയിരിക്കുന്നു: മുസ്ലിമീങ്ങൾ അവരുടെ മുഴുവൻ മൃഗങ്ങളുടെമേലും ആധിപത്യം സ്ഥാപിച്ചു. ഈ സംഭവത്തിൽ ഹിബാൽ വധിക്കപ്പെട്ടു. ഹദ്റത്ത് അബൂബക്ർ അവരെ പിന്തുടർന്നു. ഏതുവരെയെന്നാൽ ജുഫിസയിലെത്തിനിന്നു. ഇതു അല്ലാഹു മുസ്ലിമീങ്ങൾക്ക് നൽകിയ ആദ്യ വിജയമായിരുന്നു. ഹദ്റത്ത് അബൂബക്ർ നുഅ്മാൻ ബിൻ മുക്ർറനെ കുറച്ചാളുകളുടെ കൂടെ അവിടെ നിയമിച്ചുകൊണ്ട് സ്വയം മദീനയിലേക്ക് തിരിച്ചുപോന്നു. ഇത് ത്വബരിയുടെ ഉദ്ധരണിയാണ്.*(താരീഖു അത്ത്വബരി വാല്യം 2, പേജ് 255-256, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012) (അൽബിദായ വന്നിഹായ, വാല്യം 3, ഭാഗം 6, പേജ് 308, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, ലബ്നാൻ 2001) (അൽമുൻജിദ് 'ബർദ്' എന്ന പദം)(മുഅ്ജമുൽ ബുൽദാൻ, വാല്യം 3, പേജ് 297 'അൽഹസാഅ്')*

ഈ യുദ്ധം ബദ്ർ യുദ്ധത്തിനോട് സാമ്യപ്പെടുത്തി ഒരു എഴുത്തുകാരൻ എഴുതുന്നു: ഈ അവസരത്തിൽ ഹദ്റത്ത് അബൂബക്റിന്റെ വിശ്വാസം, ഉറപ്പ്, ദൃഢനിശ്ചയം, ധൈര്യം, കുശാഗ്രബുദ്ധി തുടങ്ങിയവയുടെ പ്രകടനംകൊണ്ട് മുസ്ലിമീങ്ങളുടെ ഹൃദയങ്ങളിൽ റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലമയുടെ യുദ്ധങ്ങളുടെ ഓർമ വന്നു.

ഹദ്റത്ത് അബൂബക്റിന്റെ കാലത്തെ ഈ ആദ്യപോരാട്ടത്തിന് വലിയ രീതിയിൽ ബദ്ർ യുദ്ധവുമായി സാമ്യമുണ്ട്. ബദ്ർ യുദ്ധ ദിവസം മുസ്ലിമീങ്ങളും 313 എന്ന കുറഞ്ഞ എണ്ണത്തിലായിരുന്നു. എന്നാൽ, മക്കമുശ്രിക്കീങ്ങളുടെ എണ്ണം ആയിരത്തിലധികമായിരുന്നു. ഈ അവസരത്തിലും അബൂബക്റിനോട് ചേർന്നുണ്ടായ സംഭവത്തിൽ എതിരാളികളുമായുള്ള യുദ്ധത്തിൽ മുസ്ലിമീങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു. അതിന്നെതിരിൽ അബസ്, സേബാൻ, അത്ഫാൻ ഗോത്രങ്ങൾ വലിയ സംഘത്തോടുകൂടി മുസ്ലിമീങ്ങളിൽ ആക്രമണം നടത്തി. ബദ്റിന്റെ അവസരത്തിൽ അവർക്ക് അല്ലാഹു മുശ്രിക്കീങ്ങളുടെമേൽ വിജയം നൽകി. ഈ അവസരത്തിൽ ഹദ്റത്ത് അബൂബക്റിനും കൂട്ടുകാർക്കും പൂർണവിശ്വാസത്തിന്റെ തെളിവ് നൽകി ശത്രുവിൽ വിജയം ലഭിച്ചു. ഏതുപോലെ ബദ്ർയുദ്ധം ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ചുവോ അതുപോലെ ഈ യുദ്ധത്തിലും മുസ്ലിമീങ്ങളുടെ വിജയം ഇസ്ലാമിന്റെ ഭാവിയിൽ അഗാധമായ പ്രഭാവം നാട്ടുകയുണ്ടായി.*(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ് , മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം ഉർദു ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി സാഹിബ് പേജ് 150-151, ഇസ് ലാമി കുതുബുഖാന ലാഹോർ)*

ബനൂദുബിയാനും ബനൂഅബസും ഈ പരാജയം കാരണത്താൽ കോപാകുലരായി തങ്ങളുടെ അടുത്തുണ്ടായിരുന്ന മുസ്ലിമീങ്ങളിൽ മിന്നലാക്രമണം നടത്തി നിർദയമായി പലരീതിയിലും പീഡിപ്പിച്ച് ശഹീദാക്കി. നിരാലംബരായ അവരുടെ പ്രദേശത്ത് വസിച്ചിരുന്ന മുസ്ലിമീങ്ങളെ വധിച്ചുകൊണ്ട്, ശഹീദാക്കികൊണ്ട് അവർ പ്രതികാരം ചെയ്തു. പിന്നീട് അവരെ അനുകരിച്ചുകൊണ്ട് മറ്റു ഗോത്രങ്ങളും അങ്ങനെതന്നെ ചെയ്തു. ഈ അക്രമങ്ങളെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ സത്യം ചെയ്തു: 'മുശ്രിക്കീങ്ങളെ ശക്തമായ നിലയിൽ കൊലചെയ്യുന്നതാണ്. ഓരോ ഗോത്രങ്ങളിൽനിന്ന് ആരെല്ലാണോ മുസ്ലിമീങ്ങളെ കൊല ചെയ്തത് അവരെ അതിനു പകരമായി വധിക്കുന്നതായിരിക്കും.'*(താരീഖു അത്ത്വബരി, വാല്യം 2, പേജ് 256, ദാറുൽകു*

*തുബുൽ ഇൽമിയ്യ ലബ്നാൻ 2012)*

ഹദ്റത്ത് അബൂബക്റിന്റെ നേതൃത്വത്തിലും മാർഗനിർദ്ദേശത്തിലും സക്കാത്ത് നിഷേധികളുടെ ആക്രമണങ്ങളുടെ പര്യവസാനത്തോടെ മറ്റു ബലഹീനരും ചാഞ്ചാടിക്കൊണ്ടിരുന്നവരുമായ ഗോത്രങ്ങൾ ഒന്നിനുപിറകെ ഒന്നായി തങ്ങളുടെ സക്കാത്തുമായി മദീനയിൽ വരാൻ തുടങ്ങി. ശക്തവാന്മാരായ ഗോത്രങ്ങളുടെ അവസ്ഥ ഇതാണെന്ന് ബലഹീന ഗോത്രങ്ങൾ കണ്ടപ്പോൾ സക്കാത്ത് തടഞ്ഞിരുന്നവരും സക്കാത്തുമായി മദീനയിൽ വരാൻ തുടങ്ങി. ചില ഗോത്രങ്ങൾ രാത്രിയുടെ ആദ്യഭാഗത്ത് സക്കാത്ത് കൊണ്ടുവരാൻ തുടങ്ങി. ചിലർ അർധരാത്രി സക്കാത്തുമായി വന്നപ്പോൾ ചിലരാകട്ടെ രാത്രിയുടെ അവസാനഭാഗത്താണ് വന്നത്. അങ്ങനെ ഇവർ മദീനയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ഓരോ സംഘവും പ്രത്യക്ഷപ്പെടുന്ന അവസരത്തിലും ഇവർ പേടിപ്പിക്കുന്നവരാണെന്ന് മനസ്സിലാകുന്നുവെന്ന് ആളുകൾ പറഞ്ഞു. അതായത് ഏതോ ചീത്തവാർത്ത കൊണ്ടുവരുന്നവരാണെന്ന്! എന്നാൽ, ഹദ്റത്ത് അബൂബക്ർ ഓരോ അവസരത്തിലും 'ഇവർ സന്തോഷവാർത്ത നൽകുന്നവരും പിന്തുണയ്ക്കുന്നവരുമാണെന്നും നഷ്ടമുണ്ടാക്കുന്നവരല്ലെന്നും' പറഞ്ഞു. അങ്ങനെ ഈ സംഘങ്ങൾ സക്കാത്തിന്റെ ധനവും കൊണ്ടുവന്നവരാണെന്നും ഇസ്‌ലാമിനെ സഹായിക്കാനാണ് വന്നതെന്നും ഔദ്യോഗികമായി മനസ്സിലായപ്പോൾ മുസ്‌ലിമീങ്ങൾ, 'അങ്ങ് വളരെ അനുഗ്രഹീത വ്യക്തിയാണെന്നും അങ്ങ് എപ്പോഴും സന്തോഷവാർത്തനല്കിവരുന്നയാളാണെന്നും' ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു. *(താരീഖു അത്ത്വബരി, വാള്യം 2, പേജ് 256, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012)*

ഈ അവസരത്തിൽ ഹദ്റത്ത് അബൂബക്ർ ഇതുംകൂടി പറഞ്ഞു: 'ദുർവാർത്തയോടും ദുരുദ്ദേശ്യത്തോടുംകൂടി വരുന്നവർ വേഗം വേഗം നടക്കുന്നതാണ്. എന്നാൽ, സന്തോഷവാർത്ത കൊണ്ടുവരുന്ന സംഘങ്ങൾ സാവധാനത്തോടും സാവകാശത്തോടും നടക്കുന്നതാണ്. ഞാൻ ഇവരുടെ വേഗത്തിൽനിന്ന് അനുമാനിച്ചതാണിത്. *(അൽമസീറത്തുൽഇസ്‌ലാമിയ്യ, മുനീർ മുഹമ്മദ് ഗള്ബാൻ, പേജ് 50, ദാറുസ്സലാം 2015)*

സക്കാത്ത് നിഷേധികൾക്കെതിരിൽ വിജയത്തിനുശേഷം സക്കാത്തിന്റെ വസ്വൂലിയുമായി ബന്ധപ്പെട്ട് താരീഖു ത്വബരിയിലുള്ളത് അക്കാലത്ത് മുസ്‌ലിമീങ്ങളുടെ മദീനയിലെ ആവശ്യങ്ങൾക്കുശേഷം ബാക്കിയാകുന്നത്ര സ്വദഖകൾ ലഭിച്ചുവെന്നാണ്. *(താരീഖു അത്ത്വബരി, വാള്യം 2, പേജ് 257, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012)*

ഈ വിജയങ്ങളുടേയും സന്തോഷവാർത്തകളുടേയുമിടയിൽ ഹദ്റത്ത് ഉസാമയുടെ സൈന്യവും വിജയത്തോടെയും ആഹ്ലാദത്തോടെയും മദീനയിലേക്ക് തിരിച്ചു. ഹദ്റത്ത് ഉസാമ തിരിച്ചുവന്നതിനുശേഷം ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തെ മദീനയിൽ തന്റെ കീഴിൽ നിയമിച്ചു. ഹദ്റത്ത് അബൂബക്ർ, സിനാൻ ളംരിയെ തന്റെ ഉപനായകനായി നിയമിച്ചുവെന്നും പറയുന്നുണ്ട്. അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സൈന്യത്തോടും പറഞ്ഞു: 'നിങ്ങൾ വിശ്രമിക്കുക. നിങ്ങളുടെ സവാരി മൃഗങ്ങളെ ശ്വാസമെടുക്കാൻ വിടുക.' പിന്നീട് ഹദ്റത്ത് അബൂബക്ർ ജനങ്ങളോടൊപ്പം ദുൽഖസ്സയിലേക്ക് പുറപ്പെട്ടു. എന്നാൽ, മുസ്‌ലിമീങ്ങൾ ഹദ്റത്ത് അബൂബക്റിനോട് അഭ്യർഥിച്ചു: 'അല്ലയോ അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! അല്ലാഹുവിനുവേണ്ടി അങ്ങയോടു അപേക്ഷിക്കുകയാണ്. അങ്ങ് സ്വയം ഈ ഉദ്യമത്തിൽ പോകരുത്. എന്തുകൊണ്ടെന്നാൽ അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ! അങ്ങയ്ക്ക് എന്തെങ്കിലും കഷ്ടം സംഭവിച്ചാൽപ്പിന്നെ മുഴുവൻ പദ്ധതികളും താറുമാറാകും. അങ്ങ് വേറെ ആരെയെങ്കിലും അവരുടെ സ്ഥാനത്ത് നിയമിച്ചാലും.' അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അല്ലാഹുവാണ! ഞാനൊരിക്കലും അങ്ങനെ ചെയ്യില്ല. ഞാൻ നിങ്ങളുടെ ദുഃഖനിവാരണം എന്റെ പ്രാണൻകൊണ്ട് ചെയ്യുന്നതായിരിക്കും.' *(താരീഖു അത്ത്വബരി, വാള്യം 2, പേജ് 253-256, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബി മുത്തർജിം, പേജ് 282, മക്തബ അൽഫുർഖാൻ, മുള്ഫർഗഢ്, പാക്കിസ്താൻ)*

റബ്ദ വാസികളുടെമേലുള്ള ആക്രമണത്തെ കുറിച്ച് എഴുതിയിരിക്കുന്നു: ഹദ്റത്ത് അബൂബക്ർ[റ] എല്ലാ ഏർപാടുകളും ചെയ്ത് ദൂഹിസായിലേക്കും ദുൽഖസ്സയിലേക്കും പോയി ദുൽഖസ്സ മദീനയിൽനിന്ന് 40 മൈൽ ദൂരത്തുള്ള ഒരു സ്ഥലമാണ്. നുഅ്മാൻ, അബ്ദുല്ലാഹ്, സുവയ്ദ് തുടങ്ങിയവർ അവരവരുടെ സ്ഥലങ്ങളിലായിരുന്നു. ഏതുവരെയെന്നാൽ ഹദ്റത്ത് അബൂബക്ർ അബ്റഖ് എന്ന സ്ഥലത്ത് റബ്ദ വാസികളെ കണ്ടുമുട്ടുകയും ശക്തമായ യുദ്ധം നടക്കുകയും ചെയ്തു. അവസാനം അല്ലാഹു ഹാരിഥിനേയും ഔഫിനേയും പരാജയപ്പെടുത്തി. അവർ മുർറത്ത്, ഥഅ്ലബ, അബസ് ഗോത്രങ്ങളുടെ നേതാക്കളായിരുന്നു. ഹുത്വയ്യ ജീവനോടെ പിടിക്കപ്പെട്ടു. ഹദ്റത്ത് അബൂബക്ർ കുറച്ച് ദിവസം അബ്റഖിൽ താമസിച്ചു. അവിടന്ന് അബ്റഖിന്റെ ഭൂപ്രദേശം മുസ്‌ലിമീങ്ങളുടെ കുതിരകളുടെ മേച്ചിൽസ്ഥലമാക്കി. ഈ യുദ്ധത്തിൽ പരാജിതരായി ബനൂഅബസും ബനൂദുബ്‌യാനും ത്വലയ്ഹയുമായി ചേർന്നു. അവർ സമീറാഅയിൽനിന്ന് പുറപ്പെട്ട് അപ്പോൾ ബുസാഖായിൽ നിലയുറപ്പിച്ചിരിക്കുകയായിരുന്നു. ബനു അസദിന്റെ നീരുറവയുടെ പേരാണ് ബുസാഖ. ഇവിടെ ത്വലയ്ഹ അസ്ദിയുമായി ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് കടുത്ത പോരാട്ടം നടന്നിരുന്നു. *(താരീഖു അത്ത്വബരി, വാള്യം 2, പേജ് 256, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012)(ഫർഹങ്കെ സീറത്ത് പേജ് 236, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് സ്വലാബി മുത്തർജിം, പേജ് 282, മക്തബ അൽഫുർഖാൻ, മുള്ഫർഗഢ്, പാക്കിസ്താൻ)(മുഅ്ജമുൽ ബുൽദാൻ, വാള്യം 1, പേജ് 484-485, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് ഒരു എഴുത്തുകാരൻ പരാജിതരായ ഗോത്രങ്ങളെ കുറിച്ചെഴുതുന്നു:അബസ്, ദുബ്‌യാൻ, ഗത്ഫാൻ, ബനീബക്ർ പിന്നെ മദീനയുടെ അടുത്തു വസിക്കുന്നവരും മറ്റു കോപാകുലരായ ഗോത്രങ്ങൾക്ക് നല്ലത് അവരുടെ അനാവശ്യമായ ശത്രുതയിൽനിന്ന് പിന്മാറി ഹദ്റത്ത് അബൂബക്റിന്റെ പൂർണ അനുസരണത്തിലും ഇസ്‌ലാം കാര്യങ്ങൾ അംഗീകരിക്കുന്നതിലും അങ്ങനെ മുസ്‌ലിമീങ്ങളോട് കൂടിചേർന്ന് മതപരിത്യാഗികൾക്കെതിരിൽ അണിനിരക്കലുമായിരുന്നു. അതായിരുന്നു ബുദ്ധിക്ക് യോജിച്ചതും. സംഭവങ്ങളും അതിനെ പിന്തുണക്കുന്നതായിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ ശക്തികൊണ്ട് അവരുടെ ശക്തി ക്ഷയിച്ചുകഴിഞ്ഞിരുന്നു. റോമിന്റെ അതിർത്തികളിൽ ലഭിച്ച വിജയം കാരണമായി മദീനവാസികളുടെ പ്രഭാവം നിലനിന്നുകഴിഞ്ഞിരുന്നു. മുസ്‌ലിമീങ്ങളുടെ ശക്തിയും ബലവും വർധിക്കുകയും ചെയ്തിരുന്നു. ബദ്ർ യുദ്ധത്തിലും ആരംഭപോരാട്ടങ്ങളിലും അവരിലുണ്ടായിരുന്ന ആ ബലഹീന സ്ഥിതിയിലായിരുന്നില്ല അവർ. ഇപ്പോൾ മക്കയും ത്വാഇഫും അവരോടൊപ്പമായിരുന്നു. ഈ രണ്ട് പട്ടണങ്ങളുടേയും മേധാവിത്വം അറേബ്യ മുഴുവൻ വ്യാപിച്ചിരുന്നു. ഈ ഗോത്രങ്ങളുടെ ഇടയിൽ ഇടഞ്ഞുനിൽക്കുന്നവർക്ക് ഒരിക്കലും കൂടെച്ചേർക്കാൻ കഴിയാത്ത രീതിയിലുള്ള ധാരാളം മുസ്‌ലിമീങ്ങളുണ്ടായിരുന്നു. ഇപ്രകാരം അവരുടെ സ്ഥാനം വളരെ ദുർബലമായി. എന്നാൽ, ഇങ്ങനെയൊക്കെയായിരുന്നിട്ടും മുസ്‌ലിമീങ്ങളോടുള്ള ശത്രുത അവരുടെ കണ്ണുകളെ അന്ധമാക്കി. ലാഭനഷ്ടങ്ങളുടെ ബോധവും ഹൃദയത്തിൽനിന്നു പൊയ്ക്കൊണ്ടിരുന്നു. അവർ തങ്ങളുടെ രാജ്യങ്ങൾ ഉപേക്ഷിച്ചു. പിന്നീട് ബനീഅസദ് ഗോത്രത്തിലെ കള്ളപ്രവാചകത്വവാദി ത്വലയ്ഹ ബിൻ ഖുവയ്‌ലിദിനോട് ചെന്നുചേർന്നു. അവരുടെ ഇടയിലുണ്ടായിരുന്ന മുസ്‌ലിമീങ്ങൾക്ക് അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. ഇവർ എത്തിയതോടെ ത്വലയ്ഹായുടെയും മുസയ്‌ലിമയുടേയും ശക്തിയും ബലവും വർധിച്ചു. യമനിലാണെങ്കിൽ ശത്രുതയുടെ ജ്വാലകൾ ആളിപ്പടരാൻ തുടങ്ങി.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് കെ ഫയ്സലെ, അബദുല്ലാഹ് മദ്നി, പേജ് 173 -174, മുശ്താക് ബുക് കോർണർ ലാഹോർ)*

ഏതായിരുന്നാലും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്, അവർ രാജ്യദ്രോഹം ചെയ്തിരുന്നു, യുദ്ധം ചെയ്തിരുന്നു. അല്ലാതെ കേവലം ഏതെങ്കിലും വാദമുന്നയിച്ചതുകൊണ്ടോ അല്ലെങ്കിൽ ആരുടെയെങ്കിലും നുബുവ്വത്ത് വാദംകൊണ്ടോ ഈ യുദ്ധം ഉണ്ടായിട്ടില്ല. രാജ്യദ്രോഹത്തിനുള്ള മറുപടിയായിരുന്നു അത്. യുദ്ധത്തിനു യുദ്ധം കൊണ്ട് മറുപടി നല്കുകയായിരുന്നു

സക്കാത്ത് നിഷേധികളിൽ വിജയം വരിക്കുന്നതിൽ ഹദ്റത്ത് അബൂബക്റിന്റെ ധൈര്യത്തേയും ദൃഢനിശ്ചയത്തേയും സ്മരിച്ചുകൊണ്ട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്[റ] പറയുന്നു: 'അദ്ദേഹത്തിന്റെ ഒരു നിവേദനമുണ്ട്. നബി[സ]തിരുമേനിയുടെ വിയോഗത്തിനുശേഷം ഞങ്ങൾ ഒരിടത്ത് നിൽക്കുകയായിരുന്നു. അല്ലാഹു

ഹദ്റത്ത് അബൂബക്ർ മുഖേന ഞങ്ങളെ സഹായിച്ചില്ലെങ്കിൽ ഞങ്ങളുടെ നാശം ഉറപ്പായിരുന്നു. സക്കാത്തിന്റെ ഒട്ടകങ്ങൾക്കുവേണ്ടി മറ്റുള്ളവരോടു യുദ്ധം ചെയ്യുകയില്ലെന്നത് എല്ലാ മുസ്‌ലിമീങ്ങളുടേയും ഏകോപിച്ച തീരുമാനമായിരുന്നു. ഞങ്ങൾക്ക് സമ്പൂർണവിജയം ലഭിക്കുന്നതുവരെ ഞങ്ങൾ അല്ലാഹുവിന്റെ ആരാധനയിൽ മുഴുകുന്നതായിരിക്കും. എന്നാൽ, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) സക്കാത്ത് നിഷേധികളോട് പോരാടാൻ നിശ്ചയിച്ചു. അദ്ദേഹം നിഷേധികളുടെ മുന്നിൽ കേവലം രണ്ട് കാര്യങ്ങളാണ് സമർപ്പിച്ചത്; മൂന്നാമതൊന്നില്ല. ഒന്നാമത്തേത് അവർ തങ്ങൾക്കായി നിന്ദതയും അപമാനവും സ്വീകരിക്കുക. ഇത് സ്വീകാര്യമല്ലെങ്കിൽ നാടുവിടാനോ യുദ്ധത്തിനോ തയ്യാറാകുക. അവർ അപമാനവും നിന്ദ്യതയും സ്വീകരിക്കാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം അവരിലെ വധിക്കപ്പെവർ നരകവാസികളും നമ്മുടെയാളുകൾ സ്വർഗവാസികളുമാണെന്ന് സമ്മതിക്കുക എന്നതായിരുന്നു. അവർ നമുക്ക് നമ്മുടെ വധിക്കപ്പെട്ടവർക്കുള്ള പരിഹാരധനം നൽകുക. ഞങ്ങൾ യുദ്ധമുതൽ അവരിൽനിന്ന് കരസ്ഥമാക്കിയത് അവർ തിരിച്ചു ചോദിക്കരുത്. എന്നാൽ, അവർ ഞങ്ങളിൽനിന്ന് വാങ്ങിയ സമ്പത്ത് തിരികെ തരണം. നാടുകടത്തലിന്റെ ശിക്ഷ അനുഭവിക്കുക എന്നതിന്റെ അർഥം പരാജിതരായാൽ തങ്ങളുടെ പ്രദേശത്തുനിന്ന് പുറപ്പെടുകയും അങ്ങനെ ദൂര പ്രദേശങ്ങളിൽപോയി ജീവിക്കുകയും ചെയ്യുക എന്നതാണ്. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം പേജ് 118, ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ്, ലാഹോർ)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു സംബന്ധമായി പറയുന്നു: 'നബി(സ)തിരുമേനിയുടെ വിയോഗാനന്തരം ചില ഗോത്രങ്ങൾ സക്കാത്ത് നൽകുന്നത് നിരാകരിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അവർക്കെതിരിൽ യുദ്ധം ചെയ്യുന്നതിന് തയ്യാറായി. അപ്പോഴത്തെ അവസ്ഥ എത്രമാത്രം ബലഹീനമായിരുന്നുവെന്നാൽ ഹദ്റത്ത് ഉമറിനെപോലെയുള്ള മനുഷ്യൻ അവരോടു സൗമ്യമായി പെരുമാറേണ്ടതാണെന്ന് അഭിപ്രായം പറഞ്ഞു.' ഇതിനെ കുറിച്ച് മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് അബൂബക്ർ(റ) മറുപടി നൽകി: 'അബൂഖുഹാഫയുടെ മകന് ആ കല്പനയെ കാലഹരണപ്പെടുത്താൻ എന്തു ശക്തിയാണുള്ളത്? അല്ലാഹുവാണ! ഇവർ നബി(സ) തിരുമേനിയുടെ കാലത്ത് ഒട്ടകത്തിന്റെ കാൽമുട്ടുകൾ കെട്ടുന്ന കയറാണ് സക്കാത്തായി നൽകിയിരുന്നതെങ്കിൽ ഞാൻ അതും ഇവരിൽനിന്നു വാങ്ങിയിരിക്കും. അവർ സക്കാത്ത് നൽകുന്നതുവരെ വിശ്രമിക്കുകയില്ല.' നിങ്ങൾ ഇക്കാലത്ത് എന്നോടൊപ്പം നിൽക്കുക. കൂട്ടുകാരോടു പറഞ്ഞു: നിങ്ങൾക്ക് ഇക്കാര്യത്തിൽ എന്നോടൊപ്പം നിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ വേണ്ട. ഞാനൊറ്റയ്ക്ക് അവരെ നേരിടുന്നതായിരിക്കും.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഏതു രീതിയിലുള്ള അനുസരണമാണ് അബൂബക്റിന് അല്ലാഹുവിന്റെ റസൂലിനോടുള്ളത്. മുതിർന്ന് സ്വഹാബക്കാൾ അഭിപ്രായം നല്കിയിട്ടും അങ്ങേയറ്റം ഭയാനകമായ അവസ്ഥയായിരുന്നിട്ടുംകൂടി നബി(സ)തിരുമേനിയുടെ കല്പന പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാവിധ അപകടങ്ങളും സഹിക്കാൻ തയ്യാറാകുന്നു.' *(തഫ്സീറെ കബീർ, വാല്യം 8, പേജ് 108-109)*

വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് വിവരിക്കുന്നു: ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് മതപരിത്യാഗികളുടെ ഫിത്ന പരന്നപ്പോൾ ഗ്രാമങ്ങളിൽമാത്രമാണ് ജമാഅത്തായ നമസ്കാരം നിലനിന്നിരുന്നത്. ശാമിലേക്ക് സൈന്യം അയച്ചപ്പോഴും അവിടന്ന് സക്കാത്ത് കൊടുക്കുന്നവരുടെ പേര് നിർദ്ദേശിച്ച് അയച്ചിരുന്നു. നബി(സ)തിരുമേനിയുടെ കലത്ത് ആരെങ്കിലും ഒട്ടകത്തിന്റെ കാൽമുട്ടുകൾ കൂട്ടിക്കെട്ടുന്ന കയറാണ് സക്കാത്തായി കൊടുത്തിരുന്നതെങ്കിൽ, എന്നാൽ അതിപ്പോൾ അയാൾ തരുന്നില്ലെങ്കിൽ ഞാൻ വാളിന്റെ ശക്തിയാൽ അയാളിൽനിന്ന് അതു പിടിച്ചു വാങ്ങുന്നതാണ്. ഹദ്റത്ത് ഉമറിനെപോലുള്ള ധൈര്യശാലിയും ഇത് പ്രശ്നങ്ങളുണ്ടാക്കേണ്ട സമയമല്ലെന്ന് അഭിപ്രായം പറഞ്ഞു. സക്കാത്തിൽ ഊന്നൽ നൽകേണ്ടെന്നാണ് തന്റെ അഭിപ്രായമെന്നും പറഞ്ഞു. പക്ഷേ, ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തിന്റെ വാക്കുകേട്ടില്ല. സക്കാത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്.' *(മദാരിജെ തഖ്‌വാ, അൻവാറുൽഉലൂം വാല്യം 1, പേജ് 382–383)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ച ഇക്കാര്യം അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിലുള്ളതാണ്. തഖ്‌വയുടെ പദവികളേതെല്ലാമാണെന്നും സക്കാത്തിന് എത്ര പ്രാധാന്യമുണ്ടെന്നും അതിൽ വിവരിക്കുകയായിരുന്നു. ഇതു തഖ്‌വയിലൂടെ ചരിക്കുന്നവർക്ക് നിർബന്ധമാണ്. സക്കാത്ത് എത്രമാത്രം പ്രാധാന്യമുള്ളതാണെന്നും അതിന് കൃത്യമായ ഏർപാടുകൾ ചെയ്യേണ്ടതാണെന്നും അഹ്മദികൾ ഇക്കാര്യം ഓർമവെക്കേണ്ടതാണെന്നുംകൂടി അവിടന്ന് അവിടെ പറയുകയുണ്ടായി. *(മദാരിജെ തഖ്‌വാ, അൻവാറുൽഉലൂം വാല്യം 1, പേജ് 383)*

മറ്റൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ പ്രശ്നം വിവരിച്ചുകൊണ്ടു പറയുന്നു: ഒരു സുപ്രധാന പ്രശ്നം സക്കാത്തിന്റേതാണ്. എന്നാൽ, ജനങ്ങൾ ഇത് മനസ്സിലാക്കിയില്ല. നമസ്കാരത്തിനുശേഷം അല്ലാഹു ഇതിന്റെ കല്പനയാണ് നൽകിയിരിക്കുന്നത്. താൻ സക്കാത്ത് കൊടുക്കാത്തവരോടു നബി(സ)തിരുമേനി നിഷേധികളോടു വർത്തിച്ചിരുന്നതുപോലെ വർത്തിക്കുന്നതാണെന്ന് ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു. അത്തരത്തിലുള്ളവരുടെ പുരുഷന്മാർ അടിമകളാക്കപ്പെടും. അവരുടെ സ്ത്രീകൾ ഭൃത്യരും. നബി(സ)തിരുമേനിയുടെ വിയോഗാനന്തരം ഏതുതരത്തിലുള്ള വിപത്താണുണ്ടായതെന്നാൽ അറേബ്യയിലെ മൂന്നു നഗരങ്ങളായ മക്ക, മദീന, മറ്റൊരു നഗരവും കൂടാതെയുള്ള സകല പ്രദേശവും മുർത്തദ്ദായി....... എന്തായാലും സക്കാത്തിന്റെ നിഷേധികളോട് സമരസപ്പെട്ടു മുന്നോട്ടു പോകുക എന്നായിരുന്നു ഹദ്റത്ത് ഉമർ(റ) പറഞ്ഞത്. ആദ്യം മറ്റു മതപരിത്യാഗികളോട് യുദ്ധം നടക്കട്ടെ. പതുക്കെപ്പതുക്കെ ഇവരുടേയും സംസ്കരണം നടക്കുന്നതായിരിക്കും. ആദ്യത്തെ ആവശ്യം കള്ളവാദികളുടെ പ്രവാചകത്വം തുടച്ചുനീക്കുക എന്നതാണ്. എന്തുകൊണ്ടെന്നാൽ അവരുടെ ഫിത്ന കഠിനമാണ്. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'ജനങ്ങൾ നബി(സ)തിരുമേനിക്ക് നൽകിയിരുന്നതുപോലെ ആട്ടിൻകുട്ടിയേയോ ഒട്ടകത്തിന്റെ കയറിന് തുല്യമാതോ സക്കാത്ത് തുക നൽകിയില്ലെങ്കിൽ ഞാൻ അവരോട് യുദ്ധം ചെയ്യുന്നതായിരിക്കും. നിങ്ങൾ ഉപേക്ഷിച്ചു പോകുകയാണെങ്കിലും വന്യമൃഗങ്ങളും മതപരിത്യാഗികളോടൊപ്പം ചേർന്ന് ആക്രമിച്ചാലും ഞാൻ ഒറ്റക്ക് പോരാടുന്നതാണ്.'*(ബർക്കാത്തെ ഖിലാഫത്ത്, അൻവാറുൽ ഉലൂം വാല്യം 2, പേജ് 222–223)*

ഇതും ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്നുള്ളതാണ്. അതായത് ശരീഅത്തിനെ നിലനിറുത്തുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫ അതിനുവേണ്ടി പൂർണമായും പ്രവൃത്തിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് വിവരിക്കുന്നു: മറ്റൊരാരോപണം ജനങ്ങൾ ഉന്നയിക്കുന്നു. എന്നാൽ, അല്ലാഹു അതിനുള്ള മറുപടി 1300 വർഷംമുമ്പേ നൽകിയിരിക്കുന്നു. ആക്ഷേപകർ പറയുന്നു: ശാവിർഹും ഫിൽഅംരി നബി(സ)തിരുമേനിയ്ക്കുള്ള കല്പനയാകുമ്പോൾ ഖിലാഫത്ത് എവിടന്നാണ് വന്നത്? ഖിലാഫത്തിന് ഈ കല്പനയില്ലെന്നാണോ? പക്ഷേ, ഇവർ ഓർ

ശേഷം പേജ് 8 ൽ

## • ഹദീഥുന്നബ്‌വി(സ) •

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • ഹദീഥുന്നബ്‌വി(സ) •

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'** *(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

**മനുഷ്യനിൽ പരിശുദ്ധമായ മാറ്റങ്ങൾ സുസ്ഥിരമായി ഉണ്ടാകുമ്പോഴാണ് റമളാനിന്റെ കൃപാതിരേകം കരസ്ഥമാകുന്നത്. ഈ മാറ്റങ്ങൾ എന്നെന്നേക്കുമായി ജീവിതത്തിന്റെ ഭാഗമായി ത്തീരുമ്പോഴാണ് പെരുന്നാളിന്റെ സന്തോഷങ്ങളും കരസ്ഥമാകുന്നത്.**

**ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ്**
(അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ്)
**14-5-2021 ന് ലണ്ടനിലെ ഇസ്ലാമാബാദ് മസ്ജിദ് മുബാറക്കിൽ ചെയ്ത പെരുന്നാൾ ഖുത്ബയുടെ സംക്ഷിപ്ത രൂപം.**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവൻ നമ്മെ റമളാൻ മാസത്തിലൂടെ കടത്തിക്കൊണ്ടുവന്ന്, ഇന്ന് ഈദിന്റെ ദിവസം കാണാനുള്ള തൗഫീഖ് പ്രദാനം ചെയ്തിരിക്കുകയാണ്. പക്ഷേ, ഇതാണോ ഈ റമളാനിന്റെ ഉദ്ദേശ്യം? നമ്മൾ ഇരുപത്തിയൊമ്പതോ മുപ്പതോ നോമ്പുപിടിക്കുകയും പിന്നീട് പെരുന്നാളാഘോഷിക്കുകയും സന്തോഷിക്കുകയും തിന്നുകയും കുടിക്കുകയും കളിക്കുകയും ചെയ്യുക എന്നതാണോ അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിച്ചിരുന്നത്? റമളാനിലെ നോമ്പും ഈ പെരുന്നാളും, നമ്മെ ഈ റമളാനിന്റേയും പെരുന്നാളിന്റേയും ഉദ്ദേശ്യം മനസ്സിലാക്കുന്നവരാക്കുകയും, നമ്മൾ നേടിയെടുത്ത ഈ ബർക്കത്തുകളും പരിശുദ്ധമായ മാറ്റങ്ങളും, നമ്മൾ യഥാർത്ഥത്തിൽ നേടിയെടുത്തിട്ടുണ്ടെങ്കിൽ മുപ്പത് നോമ്പിനുശേഷം ഇതെല്ലാം നമ്മളിൽ കാണുന്നതായിത്തീരുമ്പോഴാണ് അല്ലാഹുവിന്റെ ഈ ഔദാര്യത്തെ യഥാർഥത്തിൽ നമ്മൾ കരസ്ഥമാക്കുന്നവരാകുന്നത്.

അതുകൊണ്ട് മനുഷ്യനിൽ പരിശുദ്ധമായ മാറ്റങ്ങൾ സുസ്ഥിരമായി ഉണ്ടാകുമ്പോഴാണ് റമളാനിന്റെ കൃപാതിരേകം കരസ്ഥമാകുന്നത്. ഈ മാറ്റങ്ങൾ എന്നെന്നേക്കുമായി ജീവിതത്തിന്റെ ഭാഗമായി ത്തീരുമ്പോഴാണ് പെരുന്നാളിന്റെ സന്തോഷങ്ങളും കരസ്ഥമാകുന്നത്. നമ്മൾ നബി(സ)തിരുമേനിയുടെ സത്യസന്ധനായ സേവകനേയും ഇക്കാലത്തെ ഇമാമിനേയും വിശ്വസിച്ചതുകൊണ്ട് നമ്മൾ സൗഭാഗ്യവാന്മാരാണ്. എങ്ങനെയാണ് ഒരു മുഅ്മിൻ അഥവാ സത്യവിശ്വാസിയാകേണ്ടതെന്ന കാര്യത്തെകുറിച്ച് അദ്ദേഹം നമുക്ക് മാർഗദർശനം നല്കി. അദ്ദേഹത്തിന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ, റമളാനിന്റെ കൃപാതിരേകത്തെ തുടർന്നുകൊണ്ടുപോകുന്നവരും യഥാർഥ സന്തോഷം ആഘോഷിക്കുന്നവരും നമുക്കെങ്ങനെ ആകാൻ കഴിയുമെന്നതിനെക്കുറിച്ച് ഞാൻ കുറച്ചു കാര്യങ്ങൾ ഈ നേരത്ത് പറയുന്നതാണ്;യഥാർഥ പെരുന്നാളാഘോഷിക്കുന്നതിന് എന്തു നിലവാരമാണ് നമുക്കാവശ്യമായിട്ടുള്ളത്.

ഹുദൂർ പറഞ്ഞു:'നമ്മൾ അല്ലാഹുവിനെ ആരാധിക്കുന്നവരും അവനെ സ്നേഹിക്കുന്നവരുമാണെന്ന് വാദിക്കുന്നു. പക്ഷേ, ഏതൊരു ആരാധനയും സ്നേഹവും കരസ്ഥമാക്കിയാലാണോ അല്ലാഹുവിനെ കിട്ടുന്നത് ആ ആരാധനയുടേയും സ്നേഹത്തിന്റേയും നിലവാരമെന്തായിരിക്കണം? ഇതു വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു: 'യഥാർഥ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം സ്ഥാപിക്കുന്നതിന് ആവശ്യമായിട്ടുള്ളത് അല്ലാഹുവിനോടുള്ള സ്നേഹത്തിൽ പൂർണമായും ഭാഗഭാക്കാകുക എന്നതാണ്. കർമപരമായ പങ്കു പൂർണമല്ലെങ്കിൽ ഈ സ്നേഹം സ്ഥാപിതമാകുകയില്ല. ആരെങ്കിലും മിസ്രിയുടെ പേരുച്ചരിച്ചുകൊണ്ടിരുന്നാൽ അത് മാധുര്യമുള്ള ജോലിയാകുക എന്നതൊരിക്കലും സാധ്യമല്ല. അല്ലെങ്കിൽ നാവുകൊണ്ട് ആരോടെങ്കിലും സ്നേഹമുണ്ടെന്ന് പറയുകയും എന്നാൽ, അവന് മുസീബത്തും ബുദ്ധിമുട്ടും വരുമ്പോൾ അവനെ സഹായിക്കാതെ കണ്ടില്ലെന്നമട്ടിൽ നടക്കുകയും ചെയ്യുന്നവൻ സത്യസന്ധനായ സ്നേഹിതനാകുകയില്ല. ഇപ്രകാരം ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നത് നാവുകൊണ്ടുള്ള ഏറ്റുപറച്ചിലും അതിനോടൊപ്പം സ്നേഹത്തിന്റെ വാദവും മാത്രമാണെങ്കിൽ അതുകൊണ്ട് ഒരു ഫലവുമില്ല. നാവുകൊണ്ടുള്ള പറച്ചിലിനെക്കാൾ കൂടുതൽ കർമപരമായ പങ്കുണ്ടാകണമെന്നാണ് അതാഗ്രഹിക്കുന്നത്. ഇതിന്റെ അർഥം നാവുകൊണ്ടുള്ള പറച്ചിൽ ഒരു വസ്തുവുമല്ല എന്നല്ല. അങ്ങനെയല്ല! എന്റെ ഉദ്ദേശ്യം നാവുകൊണ്ട് ഏറ്റുപറയുന്നതിനോടൊപ്പം കർമംകൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും നിർബന്ധമാണെന്നാണ്. അതുകൊണ്ട് അല്ലാഹുവിന്റെ വഴിയിൽ നിങ്ങളുടെ ജീവിതം വഖ്ഫു ചെയ്യുക. ഇതാകുന്നു ഇസ്ലാം. ഞാൻ അയക്കപ്പെട്ടതിന്റെ ഉദ്ദേശ്യവും ഇതുതന്നെ. അല്ലാഹു ഈ ഉദ്ദേശ്യത്തിനുവേണ്ടി ഒഴുക്കിയിട്ടുള്ള ഈ നീരുറവിന്റെ അടുത്തവരാത്തവർ നിർഭാഗ്യരായിത്തന്നെ ഇരിക്കുന്നതായിരിക്കും.'

നമസ്കാരത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:'നമസ്കാരം വളരെ നിർബന്ധ കാര്യവും സത്യവിശ്വാസിയുടെ മിഅ്റാജുമാണ്. അല്ലാഹുവിനോടു ദുആ ചെയ്യുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗമാണ് നമസ്കാരം. നിലത്ത് തല മുട്ടിക്കുകയും പിന്നീട് ഉയർത്തുകയും അങ്ങനെ തുടരത്തുടരെ ചെയ്യുന്നതിനുവേണ്ടിയുള്ളതല്ല അത്. അല്ലെങ്കിൽ കോഴിയെപോലെ കൊത്തിപെറുക്കലുമല്ല. നമസ്കാരം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകലാണ്. അല്ലാഹുവിനെ പുകഴ്ത്തുന്നതിനും അവനെക്കൊണ്ട് തന്റെ പാപങ്ങൾ പൊറുപ്പിക്കുന്നതിനുമുള്ള സമീകൃതരൂപത്തിന്റെ പേരാണ് നമസ്കാരം. അതുകൊണ്ട് വളരെ നല്ലരീതിയിൽ ഏകാഗ്രചിത്തയോടെ നമസ്കരിക്കുക. നില്ക്കുമ്പോൾ അല്ലാഹുവിനോടുള്ള അനുസരണത്തോടും ആജ്ഞാപാലനത്തോടുംകൂടി കൈകെട്ടി നില്ക്കുകയാണെന്നും കുനിയുമ്പോൾ നിങ്ങളുടെ മനസ്സും കുനിയുകയാണെന്നും സുജൂദു ചെയ്യുമ്പോൾ ഏതൊരുത്തന്റെ ഹൃദയമാണോ ഭയപ്പെടുന്നത് അയാളെപ്പോലെ ഭയപ്പെടുകയാണെന്നും നിങ്ങളുടെ ഭാവം വ്യക്തമായും പറയണം. നമസ്കാരങ്ങളിൽ നിങ്ങളുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങൾക്കുവേണ്ടി ദുആ ചെയ്യുക.'

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇത്തരം നമസ്കാരം നമുക്കു കിട്ടുകയാണെങ്കിൽ ആ ദിവസമായിരിക്കും നമ്മുടെ യഥാർഥ പെരുന്നാളിന്റെ ദിവസം. ആത്മപരിശോധനയുടെ ആവശ്യമുണ്ട്. യഥാർഥ പെരുന്നാൾ ലഭിക്കുന്നതിന് നമ്മൾ ഇതു കരസ്ഥമാക്കാൻ ശ്രമിക്കുന്നുണ്ടോ? അല്ലെങ്കിൽ, ഭാവിയിൽ ഇപ്രകാരം കർമം ചെയ്ത് അല്ലാഹുവിന്റെ സമ്പ്രീതി സംപ്രാപ്തമാക്കാൻ ശ്രമിച്ച് സ്വന്തം പെരുന്നാളാഘോഷിക്കാനുള്ള സാധന സാമഗ്രികളൊരുക്കുമെന്ന് ഈ റമളാനിൽ പ്രതിജ്ഞ ചെയ്തിട്ടുണ്ടോ?

സത്യസന്ധനായ ഒരു മുസ്ലിം എങ്ങനെയായിരിക്കേണ്ടതാണ്. ഇതു സംബന്ധമായി മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:'സത്യസന്ധനായ മുസ്ലിം അല്ലാഹുവിന്റെ കല്പനയിൽനിന്ന് പുറത്തുപോകുന്നത് തന്റെ നാശത്തിന് നിമിത്തമാകുമെന്ന് മനസ്സിലാക്കുന്നു; അവന് ആ നന്ദികേടിന് എത്രതന്നെ ആനന്ദത്തിന്റേയും സൗഖ്യത്തിന്റേയും വാഗ്ദാനം നല്കിയാലും ശരി! അതിനാൽ യഥാർഥ മുസ്ലിമാകുന്നതിന് അല്ലാഹുവിനോടുള്ള അനുസരണവും സ്നേഹവും എന്തെങ്കിലും രക്ഷയുടെ പ്രതീക്ഷയോ ശിക്ഷയുടെ ഭയമോ അടിസ്ഥാനപ്പെടുത്തിയാകാത്തതരത്തിലുള്ള സ്വാഭാവികാവസ്ഥ കരസ്ഥമാക്കേണ്ടതാണ്. എന്നല്ല മനുഷ്യപ്രകൃതിയുടെ സ്വാഭാവികമായ പ്രത്യേകതയിൽ ഭാഗവുമായിട്ടുണ്ടായിരിക്കണം. പിന്നീട് ആ സ്നേഹം അവന് ഒരു സ്വർഗം സൃഷ്ടിക്കുന്നതായിരിക്കും. യഥാർഥ സ്വർഗമെന്നുപറയുന്നത് ഇതാണ്. ഈ വഴി സ്വീകരിക്കാത്തിടത്തോളം ഒരു മനുഷ്യനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതുകൊണ്ട് ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾക്ക് ഈ വഴിയിലൂടെ പ്രവേശിക്കാൻ ഉപദേശം നല്കുകയാണ്. കാരണം സ്വർഗത്തിലേക്കുള്ള യഥാർഥ വഴി ഇതുതന്നെയാണ്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഈ സ്വർഗം തന്നെയാണ് യഥാർഥ പെരുന്നാളിന്റെ സന്തോഷം. ഇതാണ് നമ്മൾ കരസ്ഥമാക്കേണ്ടതും. ഇത്തരത്തിലുള്ള പെരുന്നാളിന്റെ സന്തോഷം ആഘോഷിക്കുന്നതിന് തയ്യാറാണോ? എന്ന് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്. ഈ സ്വർഗം കരസ്ഥമാക്കുന്നതിന് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ?

മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'വിശുദ്ധ ഖുർആൻ പഠിക്കുക.

അല്ലാഹുവിനെതൊട്ടു ഒരിക്കലും നിരാശരാവരുത്. അല്ലാഹുവിനെ തൊട്ടു നിരാശരാവുക എന്നത് അവിശ്വാസികളുടെ സ്വഭാവത്തിൽപ്പെട്ടതാണ്. നമ്മുടെ അല്ലാഹു അലാകുല്ലി ശയ്ഇൻ ഖദീറാണ്. വിശുദ്ധ ഖുർആനിന്റെ തർജമയും വായിക്കുക. നമസ്കാരം ഏറ്റവും നല്ല അലങ്കാരത്തോടെ നിർവഹിക്കുക. അതിന്റെ അർഥവും മനസ്സിലാക്കുക. മാതൃഭാഷയിലും ദുആ ചെയ്യുക. വിശുദ്ധ ഖുർആൻ നിസാരമായൊരു ഗ്രന്ഥമാണെന്ന് കരുതി വായിക്കരുത്. അത് അല്ലാഹുവിന്റെ ഗ്രന്ഥമാണെന്ന് കരുതി വായിക്കുക. നബി(സ)തിരുമേനി നമസ്കരിച്ചിരുന്നതുപോലെ നമസ്കരിക്കുക. അതേ! നിങ്ങളുടെ ആവശ്യങ്ങളും ഉദ്ദേശ്യങ്ങളും സുന്നത്താക്കപ്പെട്ട കാര്യങ്ങൾ ചൊല്ലിയതിനുശേഷം നിങ്ങളുടെ ഭാഷയിൽ അവതരിപ്പിച്ചുകൊള്ളുക. അല്ലാഹുവിനോടു ചോദിച്ചുകൊള്ളുക, അതിൽ ഒരു കുറ്റവുമില്ല. അതുകൊണ്ട് നമസ്കാരം ഒരിക്കലും പാഴായിപ്പോകുകയില്ല. ഇക്കാലത്ത് ആളുകൾ നമസ്കാരത്തെ മോശമാക്കി വെച്ചിരിക്കുന്നു. തലതറയിൽ മുട്ടിക്കുക എഴുന്നേല്ക്കുക. മുട്ടിക്കുക എഴുന്നേല്ക്കുക. ഇതാണ് നമസ്കാരം. നമസ്കാരം വേഗം വേഗം കോഴി ധാന്യമണികൾ കൊത്തിപെറുക്കുന്നതുപോലെ നമസ്കരിക്കുകയും തുടർന്ന് ദുആക്കുവേണ്ടി കുത്തിയിരിക്കുകയും ചെയ്യുന്നു. നമസ്കാരത്തിന്റെ യഥാർഥ കാമ്പും ആത്മാവും ദുആ തന്നെയാണ്. നമസ്കാരത്തിൽനിന്ന് പുറത്തുവന്ന് ദുആ ചെയ്യുന്നതുകൊണ്ട് ആ യഥാർഥ ഉദ്ദേശ്യം എവിടെ കിട്ടാനാണ്?'

അമീറുൽമുഅ്മിനീൻ പറഞ്ഞു: അത്തരം നമസ്കാരങ്ങളും വിശുദ്ധ ഖുർആനിലുള്ള ചിന്തയും നമ്മുടെ പെരുന്നാൾ യഥാർഥവും സുസ്ഥിരവുമാക്കിത്തീർക്കും. നമ്മൾ ഈ റമളാനിൽ ആ പെരുന്നാൾ കരസ്ഥമാക്കുന്നതിന് പ്രതിജ്ഞ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്ന് നമ്മൾ ചെയ്യേണ്ടതാണ്. നമ്മൾ നമ്മുടെ നമസ്കാരങ്ങളെ അലങ്കാരത്തോടെ നമസ്കരിക്കുമെന്നും വിശുദ്ധ ഖുർആൻ ഓതുമെന്നും അതിൽ ചിന്തിക്കുമെന്നും അങ്ങനെ നമ്മുടെ പെരുന്നാളിന്റെ സന്തോഷം അനശ്വരമാക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നതാണ് അതിനുള്ള ഒരു രീതി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിന്റെ പ്രാധാന്യത്തെ കുറിച്ച് പറയുന്നു: 'ഞാൻ ഖുർആൻ എന്നപദത്തിൽ ചിന്തിച്ചു. അപ്പോഴാണ് ഈ അനുഗൃഹീത പദത്തിൽ ശക്തമായൊരു പ്രവചനമുണ്ടെന്ന് എന്നിൽ തുറക്കപ്പെട്ടത്. അത് ഇതാണ്:വായിക്കുന്നതിന് അർഹതയുള്ള ഗ്രന്ഥം ഈ ഖുർആൻതന്നെയാണ്. ഒരു കാലത്ത് ഇനിയും കൂടുതൽ വായിക്കാൻ അർഹതയുള്ള ഗ്രന്ഥവും അതുതന്നെയായിരിക്കും. വായനയ്ക്ക് മറ്റു ഗ്രന്ഥങ്ങളും അതിനോടൊപ്പം ചേർക്കപ്പെടുന്നതായിരിക്കും. തന്നെ വിശുദ്ധ ഖുർആനോടു ഇണക്കാതെയിരിക്കുന്നവനും മറ്റു ഗ്രന്ഥങ്ങളുടെ മുമ്പിൽ രാവും പകലും കുമ്പിട്ടിരിക്കുന്നവനും നന്ദികെട്ടവനാണ്. നമ്മുടെ ജമാഅത്ത് വിശുദ്ധ ഖുർആനിന്റെ പ്രവൃത്തിയിലും അതിൽ ചിന്തിക്കുന്നതിലും ആത്മാർഥമായി മുഴുകിയിരിക്കേണ്ടതാണ്. ഈ നേരത്ത് വിശുദ്ധഖുർആനിന്റെ ആയുധം കൈയിലേന്തിയാൽ നിങ്ങൾക്കായിരിക്കും വിജയം. ഈ പ്രകാശത്തിനുമുമ്പിൽ ഒരു അന്ധകാരത്തിനും നിൽക്കാൻ കഴിയുകയില്ല.' ഇപ്രകാരം നബി(സ)തിരുമേനിയും ഒരു അവസരത്തിൽ പറഞ്ഞു:'വിശുദ്ധ ഖുർആനിൽനിന്ന് ഒന്നുംതന്നെ ഹൃദിസ്ഥമാക്കിയിട്ടില്ലാത്തവൻ ശൂന്യമായ വീടുപോലെയാണ്.' അപ്രകാരംതന്നെ പറഞ്ഞു:'വിശുദ്ധ ഖുർആൻ വേഗം ഓതിവിടരുത്, പ്രത്യുത മനസ്സിലാക്കി ഓതുക.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു:ഈ റമളാനിൽ വിശുദ്ധ ഖുർആൻ ഓതാൻ ശ്രദ്ധയുണ്ടായതുപോലെ, ചിലർ കുറച്ചുഭാഗം ഹൃദിസ്ഥമാക്കാനും ശ്രമിച്ചിട്ടുണ്ടാകും അവർ മറന്നുപോകാതിരിക്കുന്നതിന് അതാവർത്തിച്ചുകൊണ്ടിരിക്കണമെന്ന കാര്യവും ഓർക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിൽ ചിന്തിക്കാനും ശ്രമിക്കേണ്ടതാണ്. അതിന്റെ കല്പനകളിൽ ചിന്തിക്കുക. നബി(സ)തിരുമേനിയും അവിടത്തെ സത്യസന്ധനായ സേവകനും പറഞ്ഞതിലും ചിന്തിക്കുക. നമ്മൾ വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കാനും അതിൽ ചിന്തിക്കാനും വിശുദ്ധ ഖുർആൻ കൂടുതൽ കൂടുതൽ ഓതുന്നതിലേക്ക് ശ്രദ്ധിക്കാനും തുടങ്ങുമ്പോഴാണ് നമുക്കതിനോടുള്ള കടമ നിറവേറ്റാൻ കഴിയുന്നത്. അപ്പോഴാണ് ഈ റമളാൻ നമ്മുടെയുള്ളിൽ ഉണ്ടാക്കിയ പരിശുദ്ധ മാറ്റങ്ങൾ കാരണത്താൽ വിശുദ്ധ ഖുർആൻ ഓതുന്നതിലേക്കും മനസ്സിലാക്കുന്നതിലേക്കും നമുക്ക് ശ്രദ്ധയുണ്ടായി എന്ന് പറയാൻ കഴിയുന്നത്. യഥാർഥത്തിൽ ഇതാണ് നമ്മുടെ പെരുന്നാൾ. ഈ പെരുന്നാളിനെ ഇന്നാഘോഷിച്ച് നമ്മൾ അവസാനിപ്പിക്കാൻ പാടില്ല. പ്രത്യുത എന്നെന്നേക്കുമായും നിത്യവും അല്ലാഹുവിന്റെ ഗ്രന്ഥത്തെ മനസ്സിലാക്കി ഓതുന്നതുകൊണ്ടുണ്ടാകുന്ന രുചി ആസ്വദിക്കേണ്ടതാണ്. രുചി ആസ്വദിച്ചാൽമാത്രംപോര, മറിച്ച് അതിന്റെ അധ്യാപനം മനസ്സിലാക്കി ആത്മീയമായ അഭിവൃദ്ധിയുമുണ്ടാകണം. നമ്മുടെ എല്ലാ ദിവസവും ഈദിന്റെ സന്തോഷങ്ങൾ കൊണ്ടുവരുന്നതാകണം.

സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിന് ഒരു മുസ്‌ലിം എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. നാവുകൊണ്ട് അല്ലാഹുവിനെ അവന്റെ 'ദാത്തിലും സ്വിഫത്തിലും' പങ്കുകാരാരുമില്ലാത്ത ഏകനായി മനസ്സിലാക്കുന്നതുപോലെ കർമപരമായ നിലയിലും അവനെ കാണിക്കേണ്ടതാണ്. അവന്റെ സൃഷ്ടികളോടു സഹതാപത്തോടും മൃദുവായ നിലയിലും പെരുമാറേണ്ടതാണ്. തന്റെ സഹോദരങ്ങളോടു ഒരു തരത്തിലുള്ള വെറുപ്പും അസൂയയും വിദ്വേഷവും വെക്കരുത്. പരദൂഷണം പറയുന്നതിൽനിന്ന് തികച്ചും പിന്തിരിയേണ്ടതാണ്. പരസ്പരം വഴക്കും ശത്രുതയും വെച്ചുപുലർത്തുന്ന ധാരാളമാളുകളുണ്ട്. തന്നെക്കാൾ ദുർബലരും ദരിദ്രരുമായ ആളുകളെ നിന്ദാദൃഷ്ടിയോടെ നോക്കുന്നു. അപമര്യാദയോടെ പെരുമാറുന്നു. പരസ്പരം പരദൂഷണം പറയുന്നു. തങ്ങളുടെ മനസ്സുകളിൽ വെറുപ്പും വിദ്വേഷവും വെച്ചു പുലർത്തുന്നു. പക്ഷേ, നിങ്ങൾ പരസ്പരം ഒരൊറ്റ അസ്തിത്വംപോലെയായിത്തീരുക എന്ന് അല്ലാഹു പറയുന്നു. നിങ്ങൾ ഒരൊറ്റ അസ്തിത്വംപോലെയായിത്തീരുമ്പോൾ, നിങ്ങൾ നിങ്ങളുടെ ആത്മസംസ്കരണം നടത്തിയിരിക്കുന്നുവെന്ന് പറയാൻ സാധിക്കും. കാരണം നിങ്ങളുടെ പരസ്പരമുള്ള കാര്യം പരിഹരിക്കപ്പെടാത്തിടത്തോളം അല്ലാഹുവിനോടുള്ള കാര്യവും പരിഹരിക്കപ്പെടുകയില്ല.'

അമീറുൽമുഅ്മിനീൻ പറഞ്ഞു:നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ആഗ്രഹമനുസരിച്ച് നമ്മളെയാക്കിത്തീർക്കുമ്പോൾ ഇതായിരിക്കും നമ്മുടെ യഥാർഥ സന്തോഷവും പെരുന്നാൾദിനവും. അതിനുവേണ്ടി നമുക്ക് ആത്മപരിശോധന നടത്തേണ്ടി വരും;അതായത് നമ്മൾ നമ്മളുടെ സഹോദരങ്ങളോടുള്ള കടമകൾ നിറവേറ്റുന്നുണ്ടോ? അല്ലെങ്കിൽ ഭാവിയിൽ ഇൻശാഅല്ലാഹ് നിറവേറ്റാൻ ശ്രമിക്കുന്നതായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ടോ? എന്ന്!

സയ്യിദുനാ മഹ്ദിമസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു: 'മനുഷ്യകുലത്തോടു വാത്സല്യത്തോടും സഹതാപത്തോടുംകൂടി വർത്തിക്കുകയെന്നത് വളരെ വലിയ ഇബാദത്ത് അഥവാ ഉപാസനയാണ്. അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിന് ഇതൊരു പ്രബലമായ മാർഗമാണ്. ദരിദ്രരോടു നല്ലനിലയിൽ പെരുമാറാത്തവർ എന്നല്ല അവരെ നിന്ദിതരായി മനസ്സിലാക്കുന്നവർ, അവർ സ്വയം ഈ മുസീബത്തിൽ അകപ്പെടുമോ എന്നെനിക്ക് പേടിയുണ്ട്. ആരുടെമേലാണോ അല്ലാഹു ഫള്ൽ അഥവാ അനുഗ്രഹം ചെയ്തിട്ടുള്ളത് അതിനുള്ള നന്ദി എന്നുപറയുന്നത് അവന്റെ സൃഷ്ടികൾക്ക് ഉപകാരവും നന്മയും ചെയ്യുക എന്നതാണ്. ആ ദൈവദത്തമായ അനുഗ്രഹത്തിൽ അഹങ്കരിക്കരുത്. വന്യമൃഗങ്ങളെപ്പോലെ ദരിദ്രരെ ചവുട്ടിമെതിക്കുകയും ചെയ്യരുത്.'

അമീറുൽമുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് ദരിദ്രരേയും ആവശ്യക്കാരേയും സഹായിക്കുക എന്നതുതന്നെയാണ് അല്ലാ

**• ഹദീഥുന്നബ്‌വി(സ) •**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

**• ഹദീഥുന്നബ്‌വി(സ) •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഹുവിന്റെ ഫള്‌ലിനേയും സ്നേഹത്തേയും ആകർഷിച്ചെടുക്കുന്നതായിരിക്കേണ്ടത്. ആയിരിക്കേണ്ടതും അതുതന്നെ! ഇതുണ്ടായിരിക്കുമ്പോഴാണ് യഥാർഥ പെരുന്നാൾ ഉണ്ടാകുക! വ്യക്തിപരമായ നിലയിലും ജമാഅത്തിൽ ആളുകൾ പരസ്പരം സഹായിക്കാറുണ്ട്. പക്ഷേ, ജമാഅത്തുപരമായ നിലയിലും ഫണ്ടുണ്ട്. അവിടേയും കഴിവുള്ള ആളുകൾ എന്തെങ്കിലുമൊക്കെ നല്കേണ്ടതാണ്. രോഗികളെ സഹായിക്കാനുള്ള ഫണ്ടുണ്ട്. യത്തീം ഫണ്ടുണ്ട്. ദാരിദ്രരെ സഹായിക്കാനുള്ള ഫണ്ടുണ്ട്. ദരിദ്രരായ വിദ്യാർഥികളെ സഹായിക്കാനുള്ള ഫണ്ടുണ്ട്. ഇങ്ങനെ പല ഫണ്ടുകളുമുണ്ട്. അവയിൽനിന്ന് സഹായം നല്കി വരുന്നു. ഇതിലേക്കും കഴിവുള്ളവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: യഥാർഥ പെരുന്നാളിന്റെ സന്തോഷങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന അധ്യാപനമാണിത്. നമ്മൾ ഇതനുസരിച്ച് നമ്മുടെ ജീവിതം വാർത്തെടുക്കുകയാണെങ്കിൽ യഥാർഥ പെരുന്നാളാഘോഷിക്കുന്നവരായിരിക്കും. വർഷത്തിലെ രണ്ടു പെരുന്നാൾ മാത്രമല്ല. മറിച്ച് ഓരോ ദിവസവും നമുക്ക് പെരുന്നാൾ ദിനമായിരിക്കും. കാരണം നമ്മൾ അല്ലഹുവിന്റെ യഥാർഥ ദാസരാകുന്നതിന് അവനോടുള്ള ആരാധനാ കടമനിറവേറ്റാൻ ശ്രമിക്കുമ്പോൾ അതുമുഖേന അല്ലാഹു ആദ്യത്തെക്കാൾ കൂടുതൽ നമ്മെ അനുഗ്രഹിക്കുന്നതായിരിക്കും. നമ്മൾ വിശുദ്ധ ഖുർആൻ ഓതുകയും മനസ്സിലാക്കുകയും ചെയ്ത് അതനുസരിച്ച് കർമം ചെയ്യാൻ ശ്രമിക്കുമ്പോൾ അല്ലാഹു നമ്മെ തന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശിയാക്കും. നമ്മൾ സമസൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കുമ്പോൾ അല്ലാഹു അവന്റെ സ്നേഹദൃഷ്ടി നമ്മളിൽ പതിപ്പിക്കും. ഇക്കാര്യങ്ങൾ ലഭിക്കുകയാണെങ്കിൽ അതവന് യഥാർഥ ഈദായിരിക്കും. ഈ യഥാർഥ ഈദ് കരസ്ഥമാകുന്നവരാകാൻ ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

പേജ് 5 ൽ നിന്ന്

ക്കുക. ഹദ്റത്ത് അബൂബക്റിനുമേൽ സക്കാത്തിനെ സംബന്ധിച്ച് ആക്ഷേപമുണ്ടായപ്പോൾ അതും **ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ** എന്ന രീതിയിലുള്ളതായിരുന്നു. അപ്പോൾ നബി(സ)തിരുമേനിക്ക് കല്പനയുണ്ട്. അതേ! ഈ കല്പന നബി(സ)തിരുമേനിക്ക് ഉണ്ടായതാണ്. അതുകൊണ്ട് ഇപ്പോൾ അത് നിലവിലില്ല. അതുകൊണ്ടുതന്നെ ആർക്കും ഇപ്പോൾ സ്വദഖകൾ പിരിക്കുവാനുള്ള അവകാശമില്ല. ആരോടാണോ വാങ്ങാൻ ആജ്ഞാപിച്ചിരുന്നത് അദ്ദേഹം വഫാത്തായി! ഹദ്റത്ത് അബൂബക്ർ, താനാണിപ്പോൾ അതിന്റെ സംബോധകനെന്ന മറുപടിയാണ് നല്കിയത്. നബി(സ)തിരുമേനി വഫാത്തായിരിക്കുന്നു. ശരീഅത്ത് നിലനില്ക്കുന്നു. അതുകൊണ്ട് ഇപ്പോൾ കാലത്തിന്റെ ഖലീഫയാണ് സംബോധകൻ. അതായത് ഹദ്റത്ത് അബൂബക്റാണ് സംബോധകൻ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ പ്രസംഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ അവിടന്ന് പറഞ്ഞു: അതേ അഭിപ്രായം ഉൾക്കൊണ്ടുകൊണ്ട് എനിക്കെതിരെ ആക്ഷേപം ഉന്നയിച്ചയാളോടു ഞാൻ പറയുന്നു, ഇപ്പോൾ ഞാനാണ് സംബോധകൻ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ആ നേരത്ത് ഈ മറുപടി സത്യമായിരുന്നെങ്കിൽ, തീർച്ചയായും ഹദ്റത്ത് അബൂബക്ർ നല്കിയമറുപടി സത്യമായിരുന്നുവെങ്കിൽ ഞാൻ ഈ പറയുന്നതും സത്യം തന്നെയാണ്. ഇന്ന് ഞാനാണ് സംബോധകൻ. ഇതേ അടിസ്ഥന നിയമമായിരിക്കും ഖിലാഫത്തിനോടൊപ്പം ഇരിക്കുന്നതും. ഇത് ഓർത്തിരിക്കേണ്ട കാര്യമാണ്. വീണ്ടും അവിടന്ന് പറയുന്നു: 'നിങ്ങളുടെ ആരോപണം ശരിയാണെങ്കിൽ, അതനുസരിച്ച് വിശുദ്ധ ഖുർആനിലെ നിരവധി കല്പനകൾ നിങ്ങൾക്കു നീക്കേണ്ടിവരും. ഇത് തുറന്നവഴികേടാണ്.'*(മൻസബെ ഖിലാഫത്ത്, അൻവാറുൽഉലൂം വാള്യം 2, പേജ് 59-60)* 'ഖിലാഫത്തിന്റെ സ്ഥാനമാനങ്ങൾ' എന്ന വിഷയത്തെ അധികരിച്ചു നടത്തിയ ഒരു പ്രസംഗത്തിലാണ് അവിടന്ന് ഇക്കാര്യങ്ങൾ പറഞ്ഞത്.

മറ്റൊരവസരത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് വിവരിച്ചു. നബി(സ)തിരുമേനി വഫാത്തായപ്പോൾ അജ്ഞരായ ധാരാളമാളുകൾ മുർത്തദ്ദായിപ്പോയി. ചരിത്രങ്ങളിൽ വരുന്നു, വെറും മൂന്നു മസ്ജിദുകളിൽമാത്രമെ ജമാഅത്തായിട്ടുള്ള നമസ്കാരം ഉണ്ടായിരുന്നുള്ളൂ. ഇതുപോലെ രാജ്യത്തെ ഭൂരിഭാഗമാളുകളും സക്കാത്ത് കൊടുക്കുന്നത് നിഷേധിച്ചു. നബി(സ)തിരുമേനിക്കു ശേഷം തങ്ങളിൽനിന്ന് സക്കാത്ത് വാങ്ങാൻ ആർക്കാണ് അവകാശമുള്ളതെന്ന് അവർ ചോദിച്ചു. ഇത് അറേബ്യയിലെ നേതാക്കന്മാരിൽ പരക്കുകയും ഹദ്റത്ത് അബൂബക്ർ(റ)അത്തരമാളുകളുടെമേൽ കർശനനടപടി സ്വീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉമറും മറ്റുചില സ്വഹാബാക്കളും ഹദ്റത്ത് അബൂബക്റിന്റെ അടുത്തെത്തി.' മുമ്പേയും പറഞ്ഞു കഴിഞ്ഞതുപോലെ 'അവർ പറഞ്ഞു:ഈ നേരം വളരെ വിഷമം പിടിച്ചതാണ്. ഈ നേരത്തെ അല്പം അശ്രദ്ധ വളരെ വലിയ നഷ്ടത്തിന് കാരണമാകാം. അതുകൊണ്ട് ഞങ്ങളുടെ അഭിപ്രായം ഇത്ര വലിയ ശത്രുവിനെ നേരിടേണ്ടതില്ലെന്നാണ്. സക്കാത്ത് തരാത്തവരോടു മൃദുല നയം സ്വീകരിക്കുകയാണ് വേണ്ടത്. ഹദ്റത്ത് അബൂബക്ർ(റ)മറുപടി നല്കി: 'നിങ്ങളിലാരാണോ ഭയപ്പെടുന്നത് അവർ ഇഷ്ടപ്പെടുന്നിടത്ത് അവർക്ക് പോകാവുന്നതാണ്. അല്ലാഹുവാണ!നിങ്ങളിൽനിന്ന് ഒരാൾപോലും എന്നോടൊപ്പമില്ലെങ്കിലും ഞാൻ തനിച്ച് ശത്രുവിനെ നേരിടുന്നതായിരിക്കും. ശത്രു മദീനയ്ക്കുള്ളിൽ തള്ളിക്കയറുകയും എന്റെ സ്നേഹിതരേയും ബന്ധുക്കളേയും മിത്രങ്ങളേയും വധിക്കുകയും സ്ത്രീകളുടെ ശവങ്ങൾ മദീനയിലെ ഇടവഴികളിൽ നായ്ക്കൾ വലിച്ചുകൊണ്ടുപോകുകയും ചെയ്താലും അവരോടു യുദ്ധം ചെയ്യുന്നതായിരിക്കും. ഈയാളുകൾ ഒട്ടകത്തിന്റെ മുട്ടുകാലുകൾ തമ്മിൽ കെട്ടുന്ന കയർ സക്കാത്ത് ഇനത്തിൽ നബി(സ)തിരുമേനിയുടെ കാലത്ത് കൊടുത്തിട്ടുണ്ടെങ്കിൽ അതു തരുന്നതുവരെ അവരോടു യുദ്ധം ചെയ്യുന്നതായിരിക്കും.' അങ്ങനെ അദ്ദേഹം അതായത് ഹദ്റത്ത് അബൂബക്ർ(റ)ശത്രുക്കളുടെ ദ്രോഹപ്രവൃത്തികളെ തന്റേടത്തോടെ നേരിട്ടു. അവസാനം വിജയിക്കുകയും ചെയ്തു. താൻതന്നെയാണ് ഈ പ്രവൃത്തി ചെയ്യേണ്ടതെന്ന് മനസ്സിലാക്കിയ ഒറ്റ കാരണത്താലായിരുന്നു ഇത്. അതുകൊണ്ടാണ്, നിങ്ങളിലാരെങ്കിലും എന്നോടൊപ്പം നിന്നാലും ഇല്ലെങ്കിലും എന്റെ ജീവൻ അല്ലാഹുവിന്റെ വഴിയിൽ ബലിയാകുന്നതുവരെ ഞാൻ ഒറ്റയ്ക്ക് ശത്രുവിനെ നേരിടുന്നതായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായം നല്കിയ സ്വഹാബാക്കളോടു പറഞ്ഞത്. ഏതൊരു ജനതയിലാണോ ഈ ദൃഢനിശ്ചയം ഉണ്ടാകുന്നത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ഏതൊരു ജനതയിലാണോ ഈ ദൃഢനിശ്ചയം ഉണ്ടാകുന്നത് അവർ എല്ലാ മൈതാനത്തും വിജയിക്കുന്നു. ശത്രുവിന് ഒരിക്കലും അതിന്റെ മുമ്പിൽ നില്ക്കാൻ കഴിയുകയില്ല.'*(ഖൗം കെ തർഖീ കെ ദോ അഹം ഉസൂൽ, അൻവാറുൽഉലൂം വാള്യം 19, പേജ് 75-76)* സമുദായപരമായ അഭിവൃദ്ധിയുടെ രഹസ്യം ഇതാണ്. ഇതെപ്പോഴും ഓർമവെക്കേണ്ടതാണ്.

പിന്നീടു ഒരു അവസരത്തിൽ ഹദ്റത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറഞ്ഞു: 'നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം സക്കാത്ത് പ്രശ്നത്തിലുണ്ടായ അഭിപ്രായ ഭിന്നതകൊണ്ട് അറേബ്യയിലെ ആയിരക്കണക്കിനാളുകൾ മുർത്തദ്ദായിപ്പോയി. മുസയ്‌ലിമ മദീനയുടെമേൽ ആക്രമണം നടത്തിയ വിവരം അപ്പോൾ ഖലീഫയായിരുന്ന ഹദ്റത്ത് അബൂബക്റിന് കിട്ടിയപ്പോൾ- മുസയ്‌ലിമ ഒരു ലക്ഷം പട്ടാളക്കാരുടെ സൈന്യവുമായാണ് ആക്രമണം നടത്തിയത്-കുറച്ചാളുകൾ, നമ്മൾ ഇപ്പോൾ ഒരു ഗുരുതരമായ ഘട്ടത്തിലൂടെ പോകുകയാണെന്നും സക്കാത്ത് പ്രശ്നത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കാരണത്താൽ ആളുകൾ മതമുപേക്ഷിച്ച് പോകുകയാണെന്നും മുസയ്‌ലിമയാണെങ്കിൽ വമ്പിച്ചൊരു സൈന്യവുമായി ആക്രമിച്ചിരിക്കുകയാണെന്നും അതുകൊണ്ട് അങ്ങ് സക്കാത്തിന്റെ ആവശ്യം വിട്ടുകളയുകയെന്നും അവരുമായി സന്ധിചെയ്യുകയെന്നും ഹദ്റത്ത് അബൂബക്റിനോടു അഭിപ്രായം പറഞ്ഞു. ഹദ്റത്ത് അബൂബക്ർ(റ)അവരുടെ ഈ ആശങ്കകൾ ഒട്ടും വകവെച്ചില്ല. അവർ പറഞ്ഞത് വകവെക്കാതെ ആ അഭിപ്രായം പറഞ്ഞവരോടു പറഞ്ഞു: അല്ലാഹുവിന്റേയും അവന്റെ റസലിന്റേയും കല്പനകൾക്ക് വ്യക്തമായും വിരുദ്ധമായ കാര്യം എന്നെക്കൊണ്ട് സമ്മതിപ്പിക്കാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? 'സക്കാത്തിന്റെ കല്പന അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഭാഗത്തുനിന്നുള്ളതാണ്. അതുകൊണ്ട് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളുടെ സംരക്ഷണത്തിന് കഴിയുന്നത്ര പ്രയത്നിക്കുക എന്നത് എന്റെ കടമയാണ്.' സ്വഹാബത്ത് വീണ്ടും പറഞ്ഞു: ഇപ്പോൾ കാലഘട്ടത്തിന്റെ തേട്ടം സന്ധിചെയ്യുക എന്നതാണ്.'ഹദ്റത്ത് അബൂബക്ർ പറഞ്ഞു: പോരാടാൻ നിങ്ങളാഗ്രഹിക്കുന്നില്ലെങ്കിൽ ശത്രുവിന്റെ മുമ്പിൽനിന്ന് അടരാടാൻ കഴിയില്ലെങ്കിൽ നിങ്ങൾ പോവുക. നിങ്ങളുടെ വീടുകളിൽ പോയി ഇരിക്കുക. അല്ലാഹുവാണ! ഒട്ടകത്തിന്റെ കാലുകൾകെട്ടുന്ന കയർ സക്കാത്ത് ഇനത്തിൽ അവർ തരാനുണ്ടെങ്കിൽ അവരിൽനിന്ന് അതു വാങ്ങുന്നതുവരെ ഞാൻ ശത്രുക്ക

ളോടു ഒറ്റക്ക് പോരാടുന്നതാണ്. അതുപോലെ അവരെ സക്കാത്ത് തരുന്നവരാക്കിതീർക്കുന്നതുവരെ അവരോട് ഒരു ഉടമ്പടിയും ചെയ്യുകയുമില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: ഇതാണ് യഥാർഥ വിശ്വാസത്തിന്റെ ലക്ഷണം.*(ഹമാരെ ദിമ്മ തമാം ദുൻയാ കൊ ഫതഹ് കർനെ കാ കാമ് ഹെ, അൻവാറുൽഉലൂം വാള്യം 18, പേജ് 458)* അതുകൊണ്ട് ഇതുതന്നെയാണ് ഈമാൻ. ഇതു നമ്മളിലുണ്ടെങ്കിൽ നമുക്ക ലോകത്ത് ഇസ്‌ലാമിന്റെ യഥാർഥ സന്ദേശമെത്തിക്കാൻ കഴിയും. വിജയിക്കുകയും ചെയ്യും.

മറ്റൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു. നബി[സ]തിരുമേനിയുടെ വിയോഗാനന്തരം അറേബ്യയിലെ ഗോത്രങ്ങൾ രാജ്യദ്രോഹം ചെയ്തു. അവർ സക്കാത്ത് നൽകുന്നത് നിരാകരിച്ചു. അവരും അല്ലാഹു നബി[സ]തിരുമേനിക്കല്ലാതെ മറ്റാർക്കും സക്കാത്ത് വാങ്ങാനുള്ള അധികാരം നൽകിയിട്ടില്ലെന്ന തെളിവാണ് നൽകിയിരുന്നത്. അതായത് അവർ പറയുന്നു:......'മുഹമ്മദേ[സ]! നീ അവരുടെ ധനത്തിൽനിന്ന് കുറച്ചുഭാഗം സക്കാത്ത് എന്ന നിലയിൽ വാങ്ങുക.' നബി[സ]തിരുമേനിക്കു ശേഷം മറ്റാർക്കെങ്കിലും സക്കാത്ത് വാങ്ങാനുള്ള അധികാരം നല്കിയതായി എവിടേയും വന്നിട്ടില്ല. എന്നാൽ, മുസ്‌ലിമീങ്ങൾ അവരുടെ ഈ തെളിവ് അംഗീകരിച്ചിട്ടില്ല. വാസ്തവത്തിൽ അവിടെ പ്രത്യേകമായി നബി[സ]തിരുമേനിയെയാണ് സംബോധന ചെയ്തിരിക്കുന്നത്. ഏതായിരുന്നാലും ആ നേരത്ത് മൂർത്തദ്ദായവർ മുന്നോട്ടുവെച്ച വലിയ തെളിവ് ഇതായിരുന്നു. സക്കാത്ത് വാങ്ങാനുള്ള അധികാരം നബി[സ]തിരുമേനിക്കല്ലാതെ മറ്റാർക്കുമില്ല. അതിനുള്ള കാരണം ഈ വഞ്ചനയായിരുന്നു. അതായത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട കല്പനകൾ എപ്പോഴും പ്രാവർത്തികമല്ലെന്നും പ്രത്യുത നബി[സ]തിരുമേനിയുമായിമാത്രം ആ കല്പനകൾ പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നുമുള്ള ധാരണ! എന്നാൽ, അവിടന്ന് പറയുന്നു: ഈ ചിന്ത തീർത്തും തെറ്റാണ്. വാസ്തവമെന്തെന്നാൽ, ഏതുപോലെ നമസ്കാരം, നോമ്പ് തുടങ്ങിയ കല്പനകൾ നബി[സ]തിരുമേനിയിൽ അവസാനിച്ചിട്ടില്ലല്ലോ അതുപോലെ സാമുദായികപരവും ദേശീയപരവുമായി ബന്ധപ്പെട്ട കല്പനകളും അവിടത്തെ വഫാത്തിനുശേഷം അവസാനിച്ചിട്ടില്ല. ജമാഅത്തായ നമസ്കാരംപോലെ, അതൊരു സംഘടിതമായി ചെയ്യുന്ന ആരാധനായാണ്, ഈ കല്പനകളെ സംബന്ധിച്ചും ആവശ്യമായിട്ടുള്ളത് എപ്പോഴും മുസ്‌ലിമീങ്ങളിൽ അവിടത്തെ പ്രതിനിധി മുഖേന അതനുസരിച്ച് പ്രവർത്തനങ്ങൾ എപ്പോഴും നടന്നുകൊണ്ടിരിക്കുക എന്നതാണ്. *(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം, വാള്യം 15, പേജ് 30-31)*

മറ്റൊരവസരത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]പറഞ്ഞു. നബി[സ]തിരുമേനി വഫാത്താകുകയും ഹദ്റത്ത് അബൂബക്ർ ഖലീഫയാകുകയും ചെയ്തപ്പോൾ അറേബ്യ മുഴുവൻ മുർത്തദ്ദായി. കേവലം മക്കയും മദീനയും മറ്റൊരു ചെറിയ നഗരവും ഒഴികെ മറ്റുള്ളവരെല്ലാം സക്കാത്ത് കൊടുക്കുന്നത് നിഷേധിച്ചു. അവർ പറഞ്ഞു: അല്ലാഹു നബി[സ]തിരുമേനിയോട് പറഞ്ഞിരുന്നു, ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ അവരുടെ സമ്പത്തിൽനിന്നും സ്വദഖ വാങ്ങുക. മറ്റാർക്കും ഞങ്ങളിൽനിന്നു സക്കാത്ത് വാങ്ങാനുള്ള അധികാരമില്ല.' ചുരുക്കത്തിൽ അറേബ്യ മുഴുവൻ മുർത്തദ്ദായി.

വഫാത്തായപ്പോൾ ധാരാളം പാവപ്പെട്ട മുസ്‌ലിംകൾ മുർത്തദ്ദായി. ചരിത്രത്തിൽ വരുന്നത് കേവലം മൂന്ന് സ്ഥലങ്ങളിൽ മാത്രം. പള്ളികളിൽ ജമാഅത്ത് നമസ്കാരം നടന്നിരുന്നു. അതുപോലെ രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും സക്കാത്ത് കൊടുക്കുന്നതിനെ നിരാകരിച്ചിരുന്നു. പറയുന്നത്. നബി[സ]ക്കു ശേഷം ആർക്കാണ് ഞങ്ങളിൽനിന്ന് സക്കാത്ത് ചോദിക്കാനുള്ള അവകാശം. ഈ തരംഗം മുഴുവനും അറബിലും വ്യാപിച്ചപ്പോൾ ഹദ്റത്ത് അബൂബക്കർ ഇങ്ങനെയുള്ളവരിൽ സമ്മർദ്ദം ചെലുത്താൻ ആഗ്രഹിച്ചപ്പോൾ ഹദ്റത്ത് ഉമർ സഹാബാക്കൾ മറ്റ് സഹാബാക്കളും ഹദ്റത്ത് അബൂബക്കറിന്റെ അടുത്തെത്തി. മുൻപ് പറഞ്ഞതുപോലെ അവർ പറഞ്ഞു. ഇത് വളരെ സങ്കീർണാവസ്ഥയാണ്. ഈ സമയം കുറച്ച് അശ്രദ്ധ വളരെ വലിയ നഷ്ടത്തിന് കാരണമായേക്കാം. അതുകൊണ്ട് ഞങ്ങളുടെ നിർദ്ദേശം ഇതാണ് ഇത്ര വലിയ ശത്രുവിനെ നേരിടാതിരിക്കുക. സക്കാത്ത് കൊടുക്കാത്തവരോട് മൃദുവായി പെരുമാറുക. ഹദ്റത്ത് അബൂബക്കർ മറുപടി നൽകി. നിങ്ങളിൽനിന്നും ഭയപ്പെടുന്ന വ്യക്തി ഇഷ്ടമുള്ളിടത്ത് പോകുക. അല്ലാഹുവാണ സത്യം നിങ്ങളിൽ നിന്നാരും എന്റെ കൂടെ സഹായത്തിനില്ലെങ്കിലും ഞാൻ ഒറ്റക്ക് ശത്രുവിനോട് നേരിടുന്നതാണ്. ശത്രു മദീനയിൽ കടന്ന് എന്റെ പ്രിയപ്പെട്ടവരേയും ബന്ധുക്കളേയും സുഹൃത്തുക്കളേയും വധിക്കുകയും സ്ത്രീകളുടെ ശവശരീരങ്ങൾ മദീന വീഥികളിൽ വലിച്ചിഴക്കപ്പെട്ടാലും യുദ്ധം ചെയ്യും. ഇവർ ഒട്ടകത്തിന്റെ കാല് കെട്ടുന്ന കയർ മുമ്പ് കൊടുത്തിരുന്നതുപോലെ തരാൻ തയ്യാറാകുന്നുവരെ നിറുത്തുന്നതല്ല. അങ്ങനെ ഹദ്റത്ത് അബൂബക്കർ ശത്രുക്കളുടെ കടുത്ത നീക്കങ്ങളെ ധൈര്യത്തോടെ ഏറ്റുമുട്ടി. അവസാനം വിജയിതരായി. എന്തൊക്കെയായാലും അദ്ദേഹം മനസ്സിലാക്കിയിരുന്നു ഈ ജോലി ചെയ്യേണ്ടത് ഞാൻ തന്നെയാണ്. അതുകൊണ്ട് അദ്ദേഹം അഭിപ്രായം പറയുന്നവരോട് പറഞ്ഞു നിങ്ങളിൽ ആരെങ്കിലും എന്റെ കൂടെ നിന്നാലും അല്ലെങ്കിലും ഞാൻ സ്വയം ശത്രുവിനെ നേരിടും. ഏതുവരെയെന്നാൽ എന്റെ പ്രാണൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യും. അതുകൊണ്ട് ഏതൊരു സമുദായത്തിലാണോ ദൃഢനിശ്ചയം ജനിക്കുന്നത് അവിടുന്ന് പറയുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ഏതൊരു സമുദായത്തിലാണോ ദൃഢനിശ്ചയം ജനിക്കുന്നത് അവർ എല്ലാ മൈതാനത്തും വിജയിക്കും. ശത്രു ഒരിക്കലും അഴരുടെ മുമ്പിൽ നിൽക്കില്ല. ഇതാണ് സമുദായപുരോഗതിയുടെ രഹസ്യം. ഇതിന എപ്പോഴും ഓർമ്മവയ്ക്കുക. മറ്റൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] അരുളുന്നു. റസൂൽകരീം[സ]നുശേഷം സക്കാത്ത് വിഷയമായി എതിർപ്പിന്റെ കാരണത്താൽ അറബിൽ ആയിരക്കണക്കിന് ജനങ്ങൾ മതപരിത്യാഗികളായി. അപ്പോൾ മുസൈലിമ മദീനയിൽ ആക്രമണം നടത്തി. ഹദ്റത്ത് അബൂബക്കർ ആ സമയത്ത് ഖലീഫക്ക് മുസൈലിമ ഒരു ലക്ഷം സൈന്യവുമായി ആക്രമിക്കുവാൻ വരികയാണെന്ന അറിയിപ്പ് കിട്ടിയപ്പോൾ കുറച്ചുപേർ ഹദ്റത്ത് അബൂബക്കറിന് അഭിപ്രായം നൽകിയത് ഈ സമയത്ത് സങ്കീർണാവസ്ഥയിൽ കടന്നുപോകുന്നതുകൊണ്ട് സക്കാത്തിന്റെ പ്രശ്നത്തിൽ എതിർപ്പ് കാരണമായി ജനം മുർത്തദ്ദിന്റെ പാത സ്വീകരിക്കുകയാണ്. ഇഴിടെ മുസൈലിമ ഒരു വലിയ സൈന്യവുമായി ആക്രമസജ്ജരാണ്. അഥഖെങ്ങ് ഈ അവസ്ഥയെ മുന്നിൽ കണ്ട് തന്ത്രപരമായ നീക്കം താങ്കൾ സക്കാത്ത് ആവശ്യപ്പെടാതിരിക്കുക എന്നതാണ്. അവരോട് സമരസപ്പെടുക. ഹദ്റത്ത് അബൂബക്കർ ഈ അപായ സ്ഥിതിയെ തെല്ലും ഗൗനിച്ചില്ല. ഗൗനിക്കാതെ അഭിപ്രായം നൽകിയവരോട് പറഞ്ഞത് നിങ്ങൾ എന്നോട് അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞകൾ ക്ക് എതിരായി കാര്യങ്ങൾ അംഗീകരിപ്പിക്കുവാൻ ശ്രമിക്കുകയാണോ.

പിന്നീട് ഒരു അവസരത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ഇങ്ങനേയും പറഞ്ഞു: നബി[സ]തിരുമേനി വഫാത്താകുകയും ഹദ്റത്ത് അബൂബക്ർ[റ] ഖലീഫയായി നിശ്ചയിക്കപ്പെടുകയും ചെയ്തപ്പോൾ അറേബ്യ മുഴുവൻ മുർത്തദ്ദായി. മക്കയും മദീനയും മറ്റൊരു ചെറിയ കസബയുമല്ലാത്ത എല്ലായാളുകളും സക്കാത്ത് നല്കുന്നത് നിഷേധിച്ചു. അവർ പറഞ്ഞു: 'അല്ലാഹു നബി[സ]തിരുമേനിയോടു പറഞ്ഞിരുന്നത് **ഖുദ് മിൻ അംവാലിഹിം സ്വദഖത്തൻ** എന്നാണ്. അവരുടെ ധനത്തിൽനിന്ന് സ്വദഖ വാങ്ങുക. അതുകൊണ്ട് ഞങ്ങളിൽ നിന്ന് സ്വദഖ വാങ്ങാൻ മറ്റാർക്കും അധികാരമില്ല. ചുരുക്കത്തിൽ മുഴുവൻ അറബും മുർത്തദ്ദായി. അവർ പോരാടാൻ പുറപ്പെട്ടു. കേവലം മുർത്തദ്ദാകുക മാത്രമല്ല കലഹമുണ്ടാക്കാൻ പുറപ്പെട്ടു. നബി[സ]തിരുമേനിയുടെ കാലത്ത് ഇസ്‌ലാം ദുർബലമായിരുന്നു. എന്നാൽ, അറബ് ഗോത്രങ്ങൾ വിവിധ തരത്തിൽ ആക്രണം നടത്തുമായിരുന്നു. ചിലപ്പോൾ ഒരുകൂട്ടം ആക്രമിക്കുന്നു. ചിലപ്പോൾ മറ്റൊരുകൂട്ടർ! അഹ്സാബ് യുദ്ധസമയത്ത് നിഷേധികളായ സൈന്യം ഒരുമിച്ചുകൂടി മുസ്‌ലിമീങ്ങളെ ആക്രമിച്ചപ്പോൾ സമയത്തിനുള്ളിൽ ഇസ്‌ലാം കുറച്ചു ശക്തിപ്രാപിച്ചിരുന്നു. എന്നാൽ, ഭാവിയിൽ ഒരു ആക്രമണ ഭീതി ഇല്ലാത്തവിധം ശക്തി സംഭരിച്ചിരുന്നില്ല. അതിനുശേഷം നബി[സ]തിരുമേനി മക്ക വിജയത്തിനായി പോയപ്പോൾ ആ നേരത്ത് അറേബ്യയിലെ ചില ഗോത്രങ്ങളും നബി[സ]തിരുമേനിയെ സഹായിക്കാൻ നിന്നിരുന്നു. ഇങ്ങനെ രാജ്യം മുഴുവൻ അവർ ഒറ്റയടിക്ക് ആധിപത്യം സ്ഥാപിക്കാതിരിക്കുന്നതിന് അല്ലാഹു പടിപടിയാണ് ശത്രുക്കളിൽ ആവേശം ജനിപ്പിച്ചത്. എന്നാൽ, ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് അറേബ്യ മുഴുവൻ മുർത്തദ്ദായി. കേവലം മക്കയും മദീനയും ഒരു ചെറിയ പ്രദേശവുമാണ് ബാക്കിയായത്. ബാക്കി മുഴുവൻ പ്രദേശങ്ങളിലുമുള്ള ജനങ്ങളും സക്കാത്ത് കൊടുക്കുന്നതിനെ നിഷേധിച്ചു. അവർ സൈന്യത്തോടുകൂടി പോരാടാൻ പുറപ്പെട്ടു. അവരുടേത് സക്കാത്ത് നിഷേധം

മാത്രമായിരുന്നില്ല, സൈന്യം തയ്യാറാക്കി പോരാടാൻ പുറപ്പെടുകയാണ് ചെയ്തത്. ചിലയിടങ്ങളിൽ അവരുടെ പക്കൽ ഓരോരോ ലക്ഷത്തിന്റെ സൈന്യവുമുണ്ടായിരുന്നു. ഇവിടെ കേവലം പത്തായിരത്തിന്റെ ഒരു സൈന്യമായിരുന്നു. അതും അവർ ശാമിലേക്ക് പോകുകയായിരുന്നു. തന്റെ വഫാത്തിനോടടുത്ത് റോമി പ്രദേശത്ത് ആക്രമണത്തിന് നബി[സ]തിരുമേനി തയ്യാറാക്കിയ സൈന്യമായിരുന്നു അത്. ഉസാമ അതിന്റെ മേലുദ്യോഗസ്ഥനായി നിയമിതനായിരുന്നു. ബാക്കി ഉണ്ടായിരുന്നവർ ദുർബലരുമായിരുന്നു. അല്ലെങ്കിൽ വൃദ്ധരായിരുന്നു. അല്ലെങ്കിൽ എണ്ണത്തിൽ കുറച്ച് ചില യുവാക്കളായിരുന്നു. ഈ അവസ്ഥ കണക്കിലെടുത്ത് ഈ ശത്രുതയുടെ നേരത്ത് ഉസാമയുടെ സൈന്യവും പുറപ്പെട്ടുകഴിഞ്ഞാൻ പിന്നെ മദീനയുടെ സംരക്ഷണത്തിന് സാധ്യതയൊന്നുമുണ്ടാകില്ലെന്ന് സ്വഹാബാക്കൾ കരുതി. അതുകൊണ്ട് മുതിർന്ന സ്വഹാബാക്കളുടെ ഈ കൂട്ടം ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിൽ ഹാജരായി മുമ്പേ വിവരിച്ചതുപോലെ പറഞ്ഞു. കുറച്ച് കാലത്തേക്ക് ഈ സൈന്യത്തെ തടയുക. പ്രശ്നങ്ങൾ തണുത്തു കഴിയുമ്പോൾ അയക്കാവുന്നതാണ്. എന്നാൽ, ഇപ്പോൾ ഇത് അയക്കുന്നത് അപകടത്തിൽ കുറഞ്ഞതല്ല. ഹദ്റത്ത് അബൂബക്ർ വളരെ കോപാകുലനായ സ്ഥിതിയിൽ പറഞ്ഞു: 'നിങ്ങൾ ആഗ്രഹിക്കുന്നത് നബി[സ]തിരുമേനി പോകാൻ കല്പിച്ച സൈന്യത്തെ ഞാൻ തടയണമെന്നാണോ? ഏതായിരുന്നാലും അവിടന്ന് പറഞ്ഞു: ഈ സൈന്യം പുറപ്പെടും. യാത്രയാകാൻ ഏതൊന്നിനോടാണോ നബി[സ]തിരുമേനി കല്പിച്ചത് ഞാൻ ആ സൈന്യത്തെ തീർച്ചയായും യാത്രയാക്കും. നിങ്ങൾ ശത്രുക്കളുടെ സൈന്യത്തെ ഭയക്കുന്നുവെങ്കിൽ നിസ്സംശയം എന്നെ കൈവിടുക. ഞാൻ ഒറ്റക്ക് ശത്രുവിനെ നേരിടും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: ഇത് **യഅ്ബുദൂനനീ ലായുശ്‌രിക്കൂന ബി ശയ്ആ** എന്നതിന്റെ സത്യസാക്ഷ്യത്തിനുള്ള വലിയ തെളിവാണ്. അതായത് ഖിലാഫത്തിൽ നിലകൊള്ളുന്നവർ അല്ലെങ്കിൽ ഖിലാഫത്തിനോടൊപ്പം നിലകൊള്ളുന്ന ഈ സത്യവിശ്വാസികൾ എന്നെ ആരാധിക്കുന്നതായിരിക്കും. എന്നോടൊപ്പം ആരേയും പങ്കാളിയാക്കുകയില്ല. ഖിലാഫത്ത് വ്യവസ്ഥിതിയോടൊപ്പം തുടർന്നുവരുന്നതും തുടർന്നുകൊണ്ടേയിരിക്കുന്നതുമായ അവസ്ഥയാണിത്.

വീണ്ടും അവിടന്ന് പറയുന്നു:രണ്ടാമത്തെ പ്രശ്നം സക്കാത്തിന്റേതായിരുന്നു. സ്വഹാബാക്കൾ ചോദിക്കുകയുണ്ടായി: അങ്ങയ്ക്ക് സൈന്യത്തെ തടയാൻ കഴിയുന്നില്ലെങ്കിൽ ഞങ്ങൾ ഈവർഷം നിങ്ങളിൽനിന്ന് സക്കാത്ത് വാങ്ങുകയില്ലെന്ന് അവരോടു പറഞ്ഞ് അവരുമായി താൽക്കാലികമായി ഉടമ്പടി ചെയ്യുക. ഈ കാലയളവിൽ അവരുടെ ആവേശം തണുക്കുകയും ഭിന്നിപ്പ് മായ്ച്ചുകളയുന്നതിന് എന്തെങ്കിലും വഴി ഉണ്ടാക്കുകയും ചെയ്യാം. എന്നാൽ, ഹദ്റത്ത് അബൂബക്ർ പറഞ്ഞു: അങ്ങനെ ഒരിക്കലും ഉണ്ടാവില്ല. അവർ പറഞ്ഞ് ഇക്കാര്യവും അംഗീകരിച്ചില്ല. അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: പക്ഷേ, ഉസാമയുടെ സൈന്യം പോകുകയും അവരോടു താൽക്കാലിക ഉടമ്പടി ചെയ്യാതിരിക്കുകയും ചെയ്താൽ ശത്രുക്കളോട് ആരാണ് പോരാടാനുള്ളത്? മദീനയിലുള്ളത് ഇപ്പോൾ ഈ വൃദ്ധരും ബലഹീനരുമാണ്. പിന്നെ കുറച്ച് യുവാക്കളും. അവരെങ്ങനെ ലക്ഷങ്ങളെ നേരിടും. ഹദ്റത്ത് അബൂബക്ർ മറുപടി നൽകി: അല്ലയോ സുഹൃത്തുക്കളേ! നിങ്ങൾക്ക് അവരോടു ഏറ്റുമുട്ടാൻ കഴിയില്ലെങ്കിൽ അബൂബക്ർ ഒറ്റയ്ക്ക് അവരോട് പൊരുതാൻ പുറപ്പെടും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: ഈ വാദം യുദ്ധം പരിചയം അധികമില്ലാതിരുന്ന ഒരു വ്യക്തിയുടേതായിരുന്നു. അദ്ദേഹത്തെ കുറിച്ച് പൊതുവെ കരുതിയിരുന്നത് ദുർബലഹൃദയനാണെന്നായിരുന്നു. അപ്പോൾപ്പിന്നെ ഈ ധൈര്യം, ഈ സാഹസം, ഈ ഉറപ്പ്, ഈ ആവേശം ഇയാളിൽ എവിടെന്നാണുണ്ടായത്? താൻ ഖിലാഫത്തിന്റെ പദവിയിൽ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നിൽക്കുകയാണെന്നും തന്നിലാണ് എല്ലാ ജോലിയുടേയും ചുമതലയുള്ളതെന്നും അബൂബക്ർ മനസ്സിലാക്കിയിരുന്നു. അവിടെനിന്നാണ് ഇതെല്ലാമുണ്ടായത്.

അതുകൊണ്ട് ഇറങ്ങിപുറപ്പെട്ട് നില്ക്കേണ്ടത് തന്റെ നിർബന്ധ കടമയാണ്. വിജയം നല്കുകയോ നല്കാതിരിക്കുകയോ എന്നത് അവന്റെ അധികാരത്തിൽപ്പെട്ടതാണ്. ഇനി വിജയം നല്കാൻ ഇച്ഛിച്ചാൽ അവൻതന്നെ അതു നല്കുന്നതായിരിക്കും. തരാൻ ഇച്ഛിക്കുന്നില്ലെങ്കിൽ മുഴുവൻ സൈന്യവും ഒന്നിച്ചാലും ലഭിക്കുകയില്ല. *(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാള്യം 15, പേജ് 543-545, പ്രസാധനം ഖാദിയാൻ 2008)*

ഹദ്റത്ത് അബൂബക്റിന്റെ തീരുമാനം എത്ര പ്രബലമായ ഫലങ്ങളാണുണ്ടാക്കിയത്. ഇതിനെ സംബന്ധിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]എഴുതുന്നു: 'അതായത് ഹദ്റത്ത് അബൂബക്ർ സ്വഹാബാക്കളുടെ ഇഷ്ടത്തിനെതിരായി ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെ സൈന്യത്തോടൊപ്പം മുഅത്തയിലേക്ക് യാത്രയാക്കി. അങ്ങനെ 40 ദിവസത്തിനുശേഷം ഈ ലക്ഷ്യം പൂർത്തിയാക്കി വിജയശ്രീലാളിതരായി അവർ മദീനയിൽ തിരിച്ചുവന്നു. അല്ലാഹുവിന്റെ സഹായവും വിജയവും വർഷിക്കുന്നത് ഏവരും തങ്ങളുടെ നയനങ്ങളാൽ ഓർമിക്കുകയുണ്ടായി. പിന്നെ ഈ ഉദ്യമത്തിനുശേഷം ഹദ്റത്ത് അബൂബക്ർ വ്യാജനുബുവ്വത്തുവാദികളുടെ ഫിത്നയിലേക്ക് ശ്രദ്ധ തിരിച്ചു. എങ്ങനെയെല്ലാം ഈ ഫിത്നയുടെ മുനയൊടിച്ചെന്നാൽ അവർ ധൂളീകരിക്കപ്പെട്ടു. അങ്ങനെ ആ ഫിത്ന തീർന്നു നാമാവശേഷമായി. പിന്നീട് ഇതേ അവസ്ഥ മതപരിത്യാഗികൾക്കുമുണ്ടായി. മുതിർന്ന സ്വഹാബാക്കളും എതിർത്തിരുന്നതാണ്. ഇവർ തൗഹീദും രിസാലത്തും അംഗീകരിക്കുന്നവരായിരുന്നു. കേവലം സക്കാത്ത് തരുന്നത് നിരാകരിച്ചിരുന്നതിനാൽ അവരുടെമേൽ എങ്ങനെയാണ് വാളെടുക്കുക. എന്നാൽ ഹദ്റത്ത് അബൂബക്ർ വളരെ ധൈര്യത്തോടും സാഹസത്തോടുംകൂടി പ്രവൃത്തിച്ചുകൊണ്ട് പറഞ്ഞു: അഥവാ ഇന്ന് സക്കാത്ത് കൊടുക്കാതിരിക്കുവാനുള്ള അനുവാദം നൽകിയാൽ പതുക്കെപ്പതുക്കെ ജനങ്ങൾ നമസ്കാരം, നോമ്പ് തുടങ്ങിയവയും ഉപേക്ഷിച്ചിരിക്കും. അങ്ങനെ ഇസ്‌ലാം വെറും നാമമായി അവശേഷിക്കും. അതുകൊണ്ട് ഈ പരിതഃസ്ഥിതിയിൽ ഹദ്റത്ത് അബൂബക്ർ[റ] സക്കാത്ത് നിഷേധികളുമായി ഏറ്റുമുട്ടി. അതിന്റെ പര്യവസാനവും ഇങ്ങനെത്തന്നെയായിരുന്നു. ഈ മൈതാനത്ത് അദ്ദേഹത്തിന് വിജയവും സഹായവും ലഭിച്ചു. തെറ്റിപ്പിരിഞ്ഞവരെല്ലാവരും നേർമാർഗത്തിലേക്ക് തിരിച്ചുവന്നു. *(തഫ്സീറെ കബീർ വാള്യം 10, പേജ് 478)*

ഇപ്പോൾ ഈ പരമ്പര തുടരുകയാണ്. ഇൻശാഅല്ലാഹ്. തുടർന്ന് വിവരിക്കുന്നതായിരിക്കും. ഞാൻ എപ്പോഴും ആഹ്വാനം ചെയ്യാറുള്ളതുപോലെ ഇക്കാലത്ത് ലോകത്തിന്റെ അവസ്ഥകൾ നല്ലതാകുന്നതിന് ദുആകൾ ചെയ്തുകൊണ്ടിരിക്കുക. അതിൽ കുറവു വരുത്തരുത്. പ്രത്യേകിച്ച് ലോകം തന്റെ സൃഷ്ടികർത്താവിനെ തിരിച്ചറിയുന്നവരായിത്തീരുന്നതിന് ദുആ ചെയ്യുക. ഈ ഒരു പ്രതിവിധിയാണ്. ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ളത്. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. നമ്മുടെ പ്രാർഥനകൾ സ്വീകരിക്കുമാറാകട്ടെ.

ഞാൻ ഒരു പരേതാത്മാവിനെ സ്മരിക്കാൻ ആഗ്രഹിക്കുകയാണ്. ജുമുഅയ്ക്കുശേഷം ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ഇത് മൗലാനാ മുബാറക് നദീർ സാഹിബാണ്. ഇദ്ദേഹം ജാമിഅ കാനഡയിലെ പ്രിൻസിപ്പാളായിരുന്നിട്ടുണ്ട്. മുബല്ലിഗ് ഇൻചാർജുമായിരുന്നിട്ടുണ്ട്. മാർച്ച് 8 ന് ഇദ്ദേഹം വഫാത്തായി. 87 വയസ്സായിരുന്നു. ***ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*** അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. വളരെ നിസ്വാർഥനും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നയാളും ദുആശീലമുള്ളയാളും സംതൃപ്തനുമായിരുന്നു. വലിയ സാത്വികസ്വഭാവമുള്ളയാളായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ എനിക്കെപ്പോഴും യഥാർഥ സാത്വികനെ കാണുന്നതുപോലെ അനുഭവപ്പെട്ടിരുന്നു.

അദ്ദേഹത്തിന്റെ കുടുംബത്തെ കുറിച്ച് പറയുന്നതാണ്. അദ്ദേഹം ജമാഅത്തിന്റെ വിജയശ്രീലാളിതനായ മുബല്ലിഗ് മൗലാന നദീർ അഹ്മദ് അലി സാഹിബിന്റേയും ആമിനബീഗം സാഹിബയുടേയും രണ്ടാമത്തെ മകനായിരുന്നു. ഇവരുടെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ ആഗമനം ഇദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ബാബൂ ഫക്കീർ അലി സാഹിബിലൂടെയാണ് ഉണ്ടായത്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ കൈയിലാണ് ബയ്അത്ത് ചെയ്തത്. അതിനുശേഷം ഖാദിയാനിൽ ആദ്യ സ്റ്റേഷൻ മാസ്റ്ററായി നിയമിതനായി. ഖാദിയാനിൽ ഇദ്ദേഹത്തിന്റെ പിതാമഹന്റെ വീടുമു ണ്ടായിരുന്നു. അത് 'ഫഖീർ മൻസിൽ' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. മൗലാനാ മുബാറക്ക് നദീർ സാഹിബിന്റെ പിതാവ് ഹദ്റത്ത് മൗലാനാ നദീർ അഹ്മദ് അലി സാഹിബിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]ന്റെ നിർദ്ദേശപ്രകാരം 1929-ൽ ആദ്യം ഘാനയിൽ സേവനത്തിന് തൗഫീഖു കിട്ടി. പിന്നീട് അദ്ദേഹത്തിന്റെ നിയമനം നടന്നത് സിയറ ലിയോണി (Sierra Leone)ലാണ്. 1943 ൽ അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മൗലാനാ നദീർ അഹ്മദ് അലി സാഹിബ് സിയറ ലിയോണി (Sierra Leone)ൽ തിരിച്ച് പോവുകയായിരുന്നപ്പോൾ മുബാറക്ക് നദീർ സാഹിബും തന്റെ പിതാവിനോടും മാതാ

വിനോടുമൊപ്പം സിയറ ലിയോണി(Sierra Leone)ലേക്ക് യാത്രയായി. ഈ യാത്രയിൽ ഒരു ഈമാൻ വർധക സംഭവവും ഉണ്ടായി. അത് മുബാറക് സാഹിബ് വിവരിക്കുന്നുണ്ട്: കപ്പൽ മുഖേനയുള്ള ഈ യാത്ര മൂന്നു മാസമായിരുന്നു. ആ നേരത്ത് മുബാറക് നദീർ സഹിബിന്റെ പ്രായം 11 വയസ്സായിരുന്നു. യാത്രക്കിടയിൽ അദ്ദേഹത്തിന്റെ ആരോഗ്യം മോശമായി. രോഗത്തിന്റെ ലക്ഷണങ്ങൾ എങ്ങനെയാണ് കണ്ടതെന്നാൽ, ജീവൻ രക്ഷപ്പെടുകയില്ലെന്ന തോന്നി. ഞാൻ പറഞ്ഞതുപോലെ കപ്പൽയാത്രയായിരുന്നു. കപ്പലിൽ കയറാൻ പോകുമ്പോഴോ അല്ലെങ്കിൽ കപ്പൽ മാറിയപ്പോൾ അതിൽ കയറാൻ പോകുമ്പോഴോ അല്ലെങ്കിൽ യാത്രയ്ക്കു മുമ്പേയുള്ള കാര്യമാണ്, ഏതായിരുന്നാലും കപ്പലിൽ കയറുന്നതിന് മുമ്പേ ഇവൻ രോഗിയായികഴിഞ്ഞിരുന്നു. കപ്പലിന്റെ അധികൃതർ ഇവന്റെ അവസ്ഥ കണ്ട് ഇവന്റെ പിതാവിനോട് പറഞ്ഞു: താങ്കളുടെ മകൻ രോഗിയാണ്. ഏതാണ്ട് കഴിഞ്ഞതുപോലെയാണ്. യാത്രയ്ക്കിടയിൽ മരണപ്പെട്ടാൽ ഞങ്ങളുടെ പക്കൽ മൃതശരീരം സൂക്ഷിക്കുന്നതിന് മുറിയൊന്നുമില്ല. ഒരു സംവിധാനവുമില്ല. അതുകൊണ്ട് താങ്കളുടെ ഈ കുട്ടിയുടെ അവസ്ഥ കാരണത്താൽ ഞങ്ങൾ നിങ്ങളെ കൊണ്ടുപോകുകയില്ല. മൗലാനാ സാഹിബ് കൊണ്ടുപോകണമെന്ന് നിർബന്ധം ചെലുത്തി. ഖലീഫത്തുൽ മസീഹ് ഥാനിയുടെ കല്പനയാണ്. എന്തായാലും താൻ ഈ കപ്പലിൽ കയറുകതന്നെ ചെയ്യുമെന്ന് ഉറപ്പിച്ചു. അങ്ങനെ കപ്പൽ അധികൃതർ ഒരു നിബന്ധനയോടുകൂടി അവരെ കപ്പലിൽ കയറുന്നതിന് സമ്മതിച്ചു. യാത്രയ്ക്കിടയിൽ ഇവരുടെ മകൻ മരണപ്പെട്ടാൽ മൃതശരീരം സമുദ്രത്തിൽ എറിയുവാനുള്ള അനുവാദം എഴുതി നൽകാൻ പറഞ്ഞു. ഈ നിബന്ധന ക്യാപ്റ്റൻ പറഞ്ഞപ്പോൾ മുബാറക് നദീർ സാഹിബിന്റെ മാതാവ് കരയാനും ഏങ്ങലടിച്ചു കരയാനും തുടങ്ങി. മൗലാനാ നദീർ അലി സാഹിബിനോടു പറഞ്ഞു: ‘ഇത് നമ്മുടെ മകനാണ്. വേറെ ഏതെങ്കിലും കപ്പലിൽ നമുക്കു പോകാം.’ മൗലാന നദീർ അഹ്മദ് സാഹിബ് തന്റെ ഭാര്യയെ സമാധാനിപ്പിച്ചു: ‘ഞാനൊരു മുബല്ലിഗാണ്. ഹദ്റത്ത് സാഹിബ് ഒരു ഉത്തരവാദിത്വത്തോടെ അയച്ചതാണ്. ഇനിയൊരു കപ്പലെപ്പോഴാണെന്ന് എനിക്കെന്തെറിയാം. നീ സമാധാനപ്പെടുക. ഭാര്യയോട് പറഞ്ഞു: നീ സമാധാനപ്പെടുക. മുബാറക്കിന് ഒന്നും സംഭവിക്കുകയില്ല.’ ഇതു പറഞ്ഞുകൊണ്ട് കപ്പിത്താനോട് ഉറച്ച വിശ്വാസത്തിന്റെ ശൈലിയിൽ പറഞ്ഞു: ‘കൊണ്ടുവരിക കടലാസ്. എവിടെയാണ് ഒപ്പിടേണ്ടത്.’ വീണ്ടും കപ്പിത്താനോട് പറഞ്ഞു: ‘ഇവൻ മരിക്കുകയാണെങ്കിൽ ഇവനെ സമുദ്രത്തിൽ എറിഞ്ഞുകൊള്ളുക. എന്നാൽ, ഇതുംകൂടി നിങ്ങളോട് ഞാൻ പറയുകയാണ്. ഇവന് ഒന്നും സംഭവിക്കുകയില്ല.’ ഇത് അദ്ദേഹത്തിന്റെ പിതാവിൽ അല്ലാഹുവിലുണ്ടായിരുന്ന തവക്കുലാണ്. ‘ഞാനൊരു വാഖ്ഫെ സിന്ദഗിയാണ്. അവന്റെ ദീനിന്റെ പ്രചാരണത്തിന് പുറപ്പെട്ടതാണ്. അല്ലാഹു തീർച്ചയായും എന്നെ സഹായിക്കും. എന്റെ കുടുംബത്തെ സംരക്ഷിക്കും.’ അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ പതിനൊന്ന് വയസ്സുണ്ടായിരുന്ന കുട്ടി ജീവിച്ചിരിക്കുക മാത്രമല്ല 87 വയസ്സുവരെ ജീവിച്ചു. ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കാൻ തൗഫീഖ് ലഭിച്ചു. തന്റെ പൂർവ്വികരുടെ കാലടികളിലൂടെ നടന്ന് തന്റെ ജീവിതം വഖ്ഫു ചെയ്തു. അതിന്റെ സൗഭാഗ്യവും പ്രാപിച്ചു. ദീനീ സേവനത്തിന്റെ മൈതാനത്ത് താൻതന്നെയും തവക്കുൽ അലല്ലായുടെ ഉന്നത മാതൃകകൾ സ്ഥാപിച്ചു.

ഗ്രാജ്വേഷൻ ചെയ്തതിനുശേഷം ഇദ്ദേഹത്തിന് സർക്കാർതലത്തിൽ നല്ല ഉദ്യോഗവും ലഭിച്ചിരുന്നു. അവിടെ കുറച്ചുകാലം ജോലിയും ചെയ്തു. അപ്പോഴാണ് ‘വഖ്ഫ് ചെയ്യുക. വഖ്ഫ് ആർസിയായിട്ടാണെങ്കിലും ചെയ്യുക’ എന്ന ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ) ആഹ്വാനം അൽഫള്ലിൽ വായിച്ചത്. അങ്ങനെ തന്റെ ജോലി രാജിവെച്ച് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ സമക്ഷത്തിൽ വഖ്ഫെ ആർസിയായി തന്നെ സമർപ്പിച്ചു. ഖലീഫത്തുൽ ഥാനിയുടെ നിർദ്ദേശ പ്രകാരം 1963ൽ ആദ്യമായി വഖ്ഫെ ആർസിയായി സിയറ ലിയോൺ (Sierra Leone)ണിൽ പോയി. അവിടെ ഒരു നീണ്ടകാലം അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മൗലാന നദീർ അലി സാഹിബിന് സേവനം ചെയ്യുവാനുള്ള അനുഗ്രഹം കിട്ടിയിരുന്നു. അദ്ദേഹത്തിന്റെ ഖബറിടവും അവിടെയാണ്. മൗലവി നദീർ അലി സാഹിബ് അവിടെയാണ് ഖബറടക്കപ്പെട്ടത്. സിയറ ലിയോണിലെത്തിയതോടുകൂടി ഏറ്റവുമാദ്യം തന്റെ പിതാവിന്റെ ഖബറിടത്തിൽ ഹാജരായി. ആ സമയത്ത് അദ്ദേഹം തന്റെ പിതാവിന്റെ വാക്കുകൾ ഓർമിച്ചു. അതായത് മൗലാനാ നദീർ അലി സാഹിബ് 26 നവംബർ 1945 ന് തന്റെ ഹൃദയംഗമമായ പ്രസംഗത്തിൽ പറഞ്ഞിരുന്നു: ഇന്ന് നമ്മൾ അല്ലാഹുവിനുവേണ്ടി ജിഹാദു ചെയ്യുന്നതിനും ഇസ്‌ലാമിനെ പശ്ചിമാഫ്രിക്കയിൽ വ്യാപിപ്പിക്കുന്നതിനും പോവുകയാണ്. മരണം മനുഷ്യന്റെ ഒപ്പമുണ്ട്. നമ്മളിൽ ആരെങ്കിലും മരണമടഞ്ഞാൽ ഇത് ലോകത്തിന്റെ വളരെ ദൂരത്തുള്ളഭാഗമാണെന്ന് നിങ്ങൾ കരുതരുത്. എവിടെയാണോ അഹ്മദിയ്യത്തിന്റെ അല്പമാത്ര ഭൂസ്വത്തുള്ളത് അവിടെ എത്തുകയും ഖബ്റുകളുടെ രൂപത്തിൽ നമുക്ക് കൈവശാവകാശമുള്ള ഭൂമിയിൽ ഈ ഉദ്ദേശ്യം പൂർത്തിയാക്കുകയും ചെയ്യുക എന്നത് അഹ്മദി ചെറുപ്പക്കാരുടെ നിർബന്ധകടമയാണ്. പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്: അഹ്മദികൾക്ക് കുറച്ചു സ്ഥലമേയുള്ളൂ. അവിടെ ഒരു അഹ്മദി മുബല്ലിഗിന്റെ ഖബറുണ്ട്. ആ ഖബർ കാരണമായി ആ ഭൂമിയിൽ അതിന്റെ ആധിപത്യമുണ്ട്. അതുകൊണ്ട് നമ്മുടെ ഖബറുകൾക്ക് ഇതേ ആവശ്യമായിരിക്കുമുണ്ടാകുക. നമ്മുടെ കുട്ടികൾക്ക് ഈ രീതിയിൽ ട്രെയിനിംഗ് നൽകേണ്ടതാണ്. ഏതൊരു ലക്ഷ്യത്തിനായാണോ നമ്മുടെ ജീവൻ ചെലവഴിക്കുന്നത് അത് പൂർത്തിയാകട്ടെ. അങ്ങനെ തന്റെ പിതാവിന്റെ വസ്വിയത്ത് പൂർത്തിയാക്കിക്കൊണ്ട് മൗലാനാ മുബാറക് നദീർ സാഹിബ് അവിടെയെത്തുകയും തന്റെ പിതാവിന്റെ ഖബറിൽ ഹാജരായി ഇങ്ങനെ പറയുകയും ചെയ്തു: ലബ്ബയ്ക്ക് ഞാൻ ഹാജരാണ്. അങ്ങയുടെ വിളിക്ക് ഉത്തരം നൽകുന്നതിന് ഞാൻ വന്നിരിക്കുകയാണ്.

സിയറ ലിയോണിന്റെ വിവിധ പ്രദേശങ്ങളിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖു ലഭിച്ചു. അതിനുശേഷം ഖലീഫത്തുൽമസീഹ് നാലാമന്റെ നിർദ്ദേശത്താൽ 1985-ൽ പാക്കിസ്താനിലേക്ക് തിരിച്ചു. 1985-ൽ തിരിച്ച് ആഫ്രിക്കയിൽനിന്ന് വന്നപ്പോൾ പിന്നെ ഹദ്റത്ത് ഖലീഫത്തുൽ നാലാമന്റെ സന്നിധിയിൽ അദ്ദേഹം താൽക്കാലികമായിട്ടല്ലാതെ സ്ഥിരമായി ജീവിതം വഖ്ഫ് ചെയ്യാനുള്ള അപേക്ഷ നൽകി. ഹുദൂർ അതു സ്വീകരിച്ചു. പിന്നെ 1988-ൽ ഇദ്ദേഹത്തെ മുബല്ലിഗായി കാനഡയിലേക്ക് അയച്ചു. അവിടെ പല സ്ഥലങ്ങളിലും മുബല്ലിഗായി സേവനം ചെയ്തു. 2003-ൽ കാനഡയിൽ ജാമിഅ തുറക്കാനുള്ള തീരുമാനമുണ്ടായി. അതിന്റെ അനുവാദം ഖലീഫത്തുൽ മസീഹ് നാലാമൻ നൽകിയിരുന്നു. പ്രിൻസിപ്പാളായി ഇദ്ദേഹത്തെ നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ജീവിതകാലത്ത്ജാമിഅ തുടങ്ങാൻ കഴിഞ്ഞില്ല. അതു പിന്നീട് എന്റെ കാലത്താണ് തുറന്നത്. പിന്നീടു ഞാനും ഖലീഫത്തുൽമസീഹ് റാബിഅ് നിശ്ചയിച്ച തീരുമാനം പ്രബലപ്പെടുത്തി. അതായത് ഇദ്ദേഹത്തെ തന്നെ പ്രിൻസിപ്പാളാക്കി. എന്തായാലും ഇദ്ദേഹം ജാമിഅ കാനഡയുടെ ആദ്യത്തെ പ്രിൻസിപ്പാൾ ആയിരുന്നു. 2009 വരെ ഇദ്ദേഹം ജാമിഅയിൽ പ്രിൻസിപ്പാളായി സേവനംചെയ്തു. 2010-ൽ മിഷണറി ഇൻചാർജ് കാനഡയുടെ സേവനത്തിന് ഇദ്ദേഹത്തെ ഞാൻ നിയമിച്ചു. 2018 വരെ ഇദ്ദേഹത്തിന് തികവുറ്റ നിലയിൽ സേവനത്തിന് തൗഫീഖ് ലഭിച്ചു. ഇദ്ദേഹത്തിന്റെ മൊത്തം സേവനകാലം 59 വർഷമാണ്. ആർസിയായ നിലയിലും സ്ഥിരമായ നിലയിലും വഖ്ഫു ചെയ്ത വ്യക്തിയായിരുന്നു ഇദ്ദേഹം. ഇപ്രകാരം മൗലാനാ സാഹിബിന് കേന്ദ്രപ്രതിനിധി(മർക്കസിനുമാഇൻദ) എന്ന നിലയിൽ ജൽസകളിലും പരിപാടികളിലും പങ്കെടുക്കാനുള്ള തൗഫീഖ് ലഭിച്ചു. ഇദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സ്വന്തക്കാരും അന്യരും ഇഷ്ടപ്പെട്ടിരുന്നു. അത് വളരെ പ്രഭാവം ചെലുത്തുന്നതായിരുന്നു. ശ്രോതാക്കളെ തികച്ചും തന്നിലേക്ക് ആകർഷിക്കുമായിരുന്നു. 2016-ൽ ഇദ്ദേഹത്തിന് എന്റെ പ്രാതിനിധ്യത്തിൽ കോയിട്ടമാലയിൽ ‘നൂർ’ ആശുപത്രിയുടെ ശിലാകർമം നിർവഹിക്കാൻ തൗഫീഖ് കിട്ടി. ഇദ്ദേഹത്തിന്റെ തബ്‌ലീഗുപരമായ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു വന്നിരുന്നു. കാനഡയിലെ നാഷണൽ ന്യൂസ്, ട്രൊന്റോ സ്റ്റാർ, ആട്ടോവാ സ്റ്റൈസൻ തുടങ്ങിയ പത്രങ്ങളിൽ അത് പ്രസിദ്ധീകരിക്കുമായിരുന്നു. മൗലാനാ മുബാറക്ക് നദീർ സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങളായ തജല്ലിയാത്തെ ഇലാഹിയ്യയും, ഫത്ഹെ ഇസ്‌ലാമും ഇംഗ്ലീഷിൽ തർജമ ചെയ്യാൻ തൗഫീഖു കിട്ടി. ഖലീഫത്തുൽ മസീഹ് നാലാമന്റെ ‘ഗൽഫു ക്രൈസസ്’ എന്ന ഗ്രന്ഥത്തിന്റെ തർജമയും അദ്ദേഹം ചെയ്തു.

ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഇദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ ഹഫീള് നദീർ സാഹിബയും മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. ഞാൻ പറഞ്ഞതുപോലെ ധാരാളം പ്രത്യേ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 21 April 2022 Issue-16

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

കതകളുടെ ഉടമയായിരുന്നു അദ്ദേഹം. ഒരു മാതൃകായോഗ്യനായ വാഖ്ഫെ സിന്ദഗിയായിരുന്നു. മുറബ്ബിമാർക്ക് പ്രത്യേകിച്ചും ഒരു മാതൃകയായിരുന്നു. ഇദ്ദേഹത്തിന്റെ ജീവിതം ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിന്റെ ഒരു കർമപരമായ ചിത്രമായിരുന്നു. എപ്പോഴും ജമാഅത്തിന് സേവനം ചെയ്തു. ഖലീഫത്തുൽമസീഹിനോടുള്ള അനുസരണം തന്റെ യഥാർഥ ലക്ഷ്യമാക്കിയിരുന്നു.ഞാൻ പറഞ്ഞതുപോലെ പ്രസംഗകലയിൽ പ്രാവീണ്യമുണ്ടായിരുന്നു. ഉർദു, ഇംഗ്ലീഷ് ഭാഷകളിൽ നല്ല പരിജ്ഞാനമുണ്ടായിരുന്നു. വളരെ ആകർഷണീയമായിരുന്നു പ്രസംഗങ്ങൾ. ഇദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ ഹഫീള് സാഹിബ എഴുതുന്നു: മുഴുവൻ ജീവിതവും വളരെ നന്മയിലും ഭയഭക്തിയോടുകൂടിയും അദ്ദേഹം കഴിച്ചുകൂട്ടി. ജമാഅത്തിന്റെ ഓരോരോ പൈസയുടെ വില മനസ്സിലാക്കിയിരുന്നു. തന്റെ ജീവിതം വളരെ സാധാരണരീതിയിലാണ് കഴിച്ചിരുന്നത്. സിയറലിയോൺ വിട്ടതിനുശേഷവും അവിടുത്തെ ധാരാളം പാവപ്പെട്ടവർക്ക് രഹസ്യമായി സഹായങ്ങൾ സ്ഥിരമായി ചെയ്തിരുന്നു. പറയുന്നു: ഒരു ഉത്തമനായ വഖ്ഫെ സിന്ദഗിയായിരുന്നതോടൊപ്പംതന്നെ ഉത്തമനായ ഭർത്താവും അങ്ങേയറ്റം വാത്സല്യനിധിയായ പിതാവുമായിരുന്നു എന്നതിന് ഞാൻ സാക്ഷിയാണ്. ജമാഅത്ത് തനിക്കുവേണ്ടി ഇത്രമാത്രം ചെലവഴിക്കുന്നുവെന്നും തനിക്കെങ്ങനെ ജമാഅത്തിന് ഫലമെത്തിക്കാൻ കഴിയുമെന്നും എപ്പോഴും ചിന്തിച്ചിരുന്നു. കാലത്തിന്റെ ഖലീഫയുടെ അതൃപ്തി ഒരിക്കലും തനിക്ക് സഹിക്കുവാൻ കഴിയില്ലെന്ന് എപ്പോഴും ആവർത്തിച്ചു പറയുമായിരുന്നു.

അദ്ദേഹത്തിന്റെ കുട്ടികളുടേയും അനുഭവങ്ങളുണ്ട്. മിക്കവരും എഴുതിയിരിക്കുന്നത് പിതാവിന് അല്ലാഹുവിലും ആഖിറത്തിലും ദൃഢഗാഢമായ വിശ്വാസമായിരുന്നുവെന്നാണ്. ഖിലാഫത്തിനോടുള്ള അനുസരണത്തിലും ജമാഅത്ത് വ്യവസ്ഥിതിയിലും തികവുറ്റ വിശ്വാസമായിരുന്നു. അല്ലാഹുവിൽ ഒരുപാട് തവക്കുലുണ്ടായിരുന്നു. തന്നെ ഒരിക്കലും അല്ലാഹു കൈവിടില്ലെന്ന് അധികവും പറയാറുണ്ടായിരുന്നു; എപ്പോഴും എന്നെ സഹായിക്കാൻവരും. അദ്ദേഹത്തോടുള്ള അല്ലാഹുവിന്റെ പെരുമാറ്റവും അതുപോലെയായിരുന്നു. സാമ്പത്തിക ആഹ്വാനങ്ങളനുസരിച്ച് എവിടെ പോയാലും-പിന്നീട് അദ്ദേഹം മിഷണറി ഇൻചാർജായിരുന്നപ്പോൾ അമീർ സാഹിബ് എവിടെ അയച്ചാലും അതിനുശേഷം റിട്ടയേർഡ് ആയതിനുശേഷവും, അദ്ദേഹത്തിന്റെ ആരോഗ്യം മോശമായപ്പോഴും അദ്ദഹേത്തിൽനിന്ന് ജമാഅത്ത് പ്രയോജനമെടുക്കുമായിരുന്നു. എവിടെ ഇദ്ദേഹം പോയാലും സാമ്പത്തികത്യാഗത്തെ കുറിച്ച് പറയാറുണ്ടായിരുന്നു. അത് ജനങ്ങളിൽ സ്വാധീനമുണ്ടാക്കുമായിരുന്നു. കാരണം അദ്ദേഹം ആദ്യം അതിൽ ഭാഗഭാക്കാകും. പിന്നീടാണ് ജമാഅത്തിനെ ഉപദേശിച്ചിരുന്നത്.

ഇദ്ദേഹത്തിന്റെ മൂത്ത മകൾ പറയുന്നു: അഹ്മദിയ്യ ഖിലാഫത്തിനോടു സുദൃഢബന്ധം സ്ഥാപിക്കുവാൻ ഉപദേശിക്കുമായിരുന്നു. എപ്പോഴും ഞങ്ങളിൽ ജമാഅത്ത് വ്യവസ്ഥിതിയോട് സ്നേഹം ബഹുമാനവും ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹം ഞങ്ങൾ ഏവരും ഖലീഫത്തുൽ മസീഹിന്റെ എല്ലാ നിർദ്ദേശങ്ങളും പ്രാവർത്തികമാക്കുന്നവരാകണം എന്നതായിരുന്നു. മകൾ പറയുന്നു: ഇക്കാര്യം പറയാതിരുന്നിട്ടുള്ള മജ്ലിസ് വളരെ കുറവാണ്. പിന്നെ പൗത്രന്മാരും പൗത്രിമാരും ദൗഹിത്രന്മാരും ദൗഹിത്രിന്മാരും ഒരുമിച്ചു കൂടുമ്പോൾ തങ്ങളെ അദ്ദേഹം ഉപദേശിക്കുമെന്നും ഉപദേശങ്ങളിൽ എപ്പോഴും ഈ സന്ദേശം ഉണ്ടായിരിക്കുമെന്നും അവർക്കെല്ലാവർക്കും അറിയാമായിരുന്നു. അതായത് നമ്മൾ ലൗകീകകാര്യങ്ങളിൽ പെടരുത്. നമ്മൾ എപ്പോഴും നമ്മുടെ ബന്ധം അല്ലാഹുവിനോടും ഖിലാഫത്തിനോടുമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മകൾ തുടർന്നുപറയുന്നു: ജമാഅത്തിന്റെ പണികൾ പൂർത്തിയാകുന്നതാണ്. അതിൽ സംശയമില്ല. നിങ്ങൾ ജമാഅത്തിൽ സേവനം ചെയ്തില്ലെങ്കിൽ അല്ലാഹു മറ്റുള്ളവരെ ഇതിലും നന്നായി പ്രവർത്തിക്കുന്നവരെ കൊണ്ടുവരുന്നതാണെന്ന് ഞങ്ങളോട് പറയാറുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ചെറിയമകൾ ഒരു സംഭവം എഴുതുന്നു: അതായത് സിയറ ലിയോണിലുണ്ടായിരുന്ന ഒരു മസ്ജിദിന്റെ നിർമാണ സമയത്ത് തൊഴിലാളികൾ ശമ്പളം ചോദിച്ചു. പണി നടക്കുകയായിരുന്നു. പൈസ വേണം. ആ സമയത്ത് പിതാവിന്റെ കൈയിൽ കൊടുക്കാൻ പണമുണ്ടായിരുന്നില്ല. എന്തായാലും മൗലാനാ മുബാറക് നദീർ സാഹിബ് അവരോട് പറഞ്ഞു, 'നിങ്ങൾ നാളെ വരിക നിങ്ങളുടെ ശമ്പളം തരാം. എന്താണോ കൂലി അതു തരാം.' രാവിലെയായപ്പോൾ കണ്ടത് മുബാറക് നദീർ സാഹിബിന് മുമ്പിൽ തൊഴിലാളികൾ കാത്തുനിൽക്കുന്നതാണ്. പൈസയുടെ ഏർപ്പാട് ആയിട്ടില്ല. അതിൽ അദ്ദേഹം തൊഴിലാളികളോട് പറഞ്ഞു: 'ഇപ്പോൾ എന്റെ കൈയിൽ പൈസയില്ല. എന്നാൽ, ഞാൻ ദുആ ചെയ്യുകയാണ്. കുറച്ചുനേരം നിങ്ങൾ കാത്തിരിക്കുക. ഇൻശാഅല്ലാഹ് അല്ലാഹു ഉടനെ ഏർപ്പാട് ചെയ്യും.' ഈ മകൾ പറയുന്നു, ആ അവസരത്തിൽ ഒരു വണ്ടി വേഗത്തിൽ അവിടെ വന്നു. അദ്ദേഹത്തിന് ഒരു കവർ നൽകി. അതിൽ പണമുണ്ടായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു. ഏതോ വ്യക്തി താങ്കൾ മസ്ജിദ് നിർമിക്കുന്നുണ്ടെന്ന് കേട്ടറിഞ്ഞു. അദ്ദേഹമാണ് പണം തന്നിരിക്കുന്നത്. ഇതു താങ്കൾ വെച്ചുകൊള്ളുക.' പിതാവ് ആരാണ് പണം നൽകിയതെന്ന് അയാളോട് ചോദിക്കുന്നതിനു മുമ്പേ അയാൾ കവർ നല്കി വണ്ടി സ്റ്റാർട്ടാക്കി വേഗംപോയി. മകൾപറയുന്നു: ഇക്കാര്യത്തിൽ അല്ലാഹു അദ്ദേഹത്തിന്റെ ദുആ കേട്ടുവെന്ന് അവർക്ക് ഉറപ്പായി. അങ്ങനെ പണത്തിൽനിന്ന് തൊഴിലാളികൾക്ക് വേതനം നൽകി.

ഇതായിരുന്നു അദ്ദേഹത്തിന്റെ അല്ലാഹുവിലുള്ള തവക്കുൽ. അതുപോലെതന്നെ അല്ലാഹുവിന് അദ്ദേഹത്തോടുള്ള പെരുമാറ്റവും. ഈ രീതിയിലുള്ള അദ്ദേഹത്തിന്റെ തവക്കുലിനെ സംബന്ധിച്ച് ഒരുപാടാളുകൾ എഴുതിയിട്ടുണ്ട്. പലയാളുകളും മുറബ്ബിമാരും എഴുതിയിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ തീർച്ചയായും ഒരു കർമനിരതനായ ഒരു പണ്ഡിതനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ജനങ്ങളെ സ്വാധീനിച്ചിരുന്നു. എന്നാൽ, ഖിലാഫത്തിനു മുന്നിൽ അദ്ദേഹത്തിന്റെ വിനയം അതിന്റെ പാരമ്യതയിലായിരുന്നു.

അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.ഇദ്ദേഹത്തിന്റെസന്താനപരമ്പരയും ഇദ്ദേഹത്തിന്റെ കാലടികളിലൂടെ നടക്കുന്നവരാകട്ടെ. ഇദ്ദേഹത്തിന്റെ പ്രാർഥനകളുടെ പിൻഗാമികളാക്കുമാറാകട്ടെ. യഥാർഥ പിൻഗാമികളാക്കുമാറാകട്ടെ. അല്ലാഹു ജമാഅത്തിന് ഇദ്ദേഹത്തെപോലെ നിർലോഭമായ സേവനം ചെയ്യുന്നവരെ നൽകുമാറാകട്ടെ. പ്രത്യേകിച്ച് ജാമിഅ കാനഡയിൽ പഠിച്ച മുറബ്ബിമാർ, അവർ ധാരാളം സംഭവങ്ങൾ എഴുതിയിട്ടുണ്ട്. എങ്ങനെ അദ്ദേഹം തർബിയ്യത്ത് നൽകിയിരുന്നു, അദ്ദേഹം തബ്ലീഗ് ചെയ്യുന്നത് അദ്ദേഹം എങ്ങനെ പഠിപ്പിച്ചു, എങ്ങനെ ധാർമ്മികത പഠിപ്പിച്ചു, എങ്ങനെ ദീൻ പഠിപ്പിച്ചു തുടങ്ങിയവയൊക്കെ! ഈ മുറബ്ബിമാർ വളരെ അനുഗ്രഹം അദ്ദേഹത്തിൽനിന്ന് കരസ്ഥമാക്കി. ഈ മുറബ്ബികമാർ ഓർത്തിരിക്കുക, ഇതുകേവലം സംഭവങ്ങൾ ഓർമവയ്ക്കുന്നതിനുവേണ്ടി വിവരിച്ചതാകാതെ ആ മുറബ്ബിമാരും ഇക്കാര്യങ്ങളിൽ കർമപരമായ മാതൃകയായിത്തീരുക. അല്ലാഹു അവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

പേജ് 1ൽ നിന്ന്

തിൽനിന്നും കുടിക്കുന്നതിൽനിന്നും മനുഷ്യൻ തന്റെ വായ അടച്ചുവെക്കുക എന്നതല്ല നോമ്പ്. പ്രത്യുത നോമ്പ് എന്നു പറയുന്നത് നിരർഥമായ കാര്യങ്ങൾ സംസാരിക്കാതിരിക്കുക എന്നതുമാണ്. നോമ്പുകാരന് നിരർഥമായ കാര്യങ്ങളിൽനിന്ന് വിട്ടു നില്ക്കുകയും വഴക്കുകളിലും കലഹങ്ങളിലും പെടാതരിക്കുകയും ഇപ്രകാരംതന്നെ നിരർഥമായ കാര്യങ്ങളെ വർജിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇപ്രകാരം കുറച്ചു സംസാരിക്കുക എന്നതും റമളാനിൽ വന്നു. അതായത് കുറച്ചു തിന്നുക, കുറച്ചു സംസാരിക്കുക, കുറച്ച് ഉറങ്ങുക, ശാരീരികമായബന്ധങ്ങൾ കുറയ്ക്കുക. ഈ നാലു കാര്യങ്ങളും റമളാനിൽ വന്നു. ഈ നാലു കാര്യങ്ങളും വളരെയധികം പ്രധാനപ്പെട്ടതാണ്. മാനുഷികജീവിതവുമായി അതിന് അഗാധമായ ബന്ധമുണ്ട്. ഒരു നോമ്പുകാരൻ സൗഖ്യത്തിന്റേയും സന്തോഷത്തിന്റേയും ഈ നാലു കാര്യങ്ങളിൽ കുറവു വരുത്തുമ്പോൾ അവനിൽ ബുദ്ധിമുട്ട് സഹിക്കുന്നതിനുള്ള ശീലമുണ്ടാകുന്നു. അവൻ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ബുദ്ധിമുട്ടുകളെ പൗരുഷത്തോടുകൂടി നേരിടുകയും വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. (തഫ്സീറെ കബീർ, വാള്യം 2, പേജ് 376, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin